VOL NO: 09
ISSUE 24
2025 JUNE 14
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ കരയുന്ന ഗസ്സയും ആർത്തുചിരിക്കുന്ന സയണിസ്റ്റുകളും

# ദേശീയത; നിലപാടിലെ തെറ്റും ശരിയും

ദേശീയതയെ നിർണയിക്കുന്നതിന് പല ഘടകങ്ങളുമുണ്ട്. എന്നാൽ കൽപിത കഥകളിൽ അഭിരമിക്കുകയും അപര വിദ്വേഷത്തിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നതിന്റെ പേരാണ് ഇന്ത്യൻ ദേശീയത എന്ന നിലയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കുന്നതിൽ സംഘ്പരിവാർ വഹിച്ച പങ്ക് ചെറുതല്ല.

**ക്വുർആൻ കഥകളിലെ ദൃഷ്ടാന്തങ്ങൾ**

**പാപമുക്തരായ മലക്കുകൾ സിഹ്ർ പഠിപ്പിക്കുകയോ?**

**അലി അദ്ദശ്ത്തി; ചരിത്രത്തെ അവലംബിക്കാത്ത ‘ചരിത്രകാരൻ’**




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

438
# നേർപഥം
വാരിക

2025 ജൂൺ 14
1446 ദുൽഹിജ്ജ 17
പുസ്തകം 09 / ലക്കം 24




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




ഉസ്മാൻ പാലക്കാഴി

ദേശീയതയെ നിർണയിക്കുന്നതിന് പല ഘടകങ്ങളുമുണ്ട്. എന്നാൽ കൽപിത കഥകളിൽ അഭിരമിക്കുകയും അപര വിദ്വേഷത്തിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നതിന്റെ പേരാണ് ഇന്ത്യൻ ദേശീയത എന്ന നിലയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കുന്നതിൽ സംഘ്പരിവാർ വഹിച്ച പങ്ക് ചെറുതല്ല.

**05** മുഖമൊഴി
കരയുന്ന ഗസ്സയും ആർത്തു ചിരിക്കുന്ന സയണിസ്റ്റുകളും

**06** ലേഖനം
പാപമുക്തരായ മലക്കുകൾ സിഹ്ർ പഠിപ്പിക്കുകയോ?
ഹന്ന മുഹമ്മദ്

**15** കഥ
ഗുൽമോഹർ പൂക്കൾ ഓർമിപ്പിക്കുന്നത്
ഫാത്വിമ സുഹൈറ ബി.കെ.

**17** ബാലപഥം
കുഞ്ഞുങ്ങളോട്
കുഞ്ഞി മുഹമ്മദ് മൗലവി നെല്ലിക്കാപറമ്പ്

**18** ലേഖനം
ക്വുർആൻ കഥകളിലെ ദൃഷ്ടാന്തങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**23** ലേഖനം
അലി അദ്ദശ്ത്തി; ചരിത്രത്തെ അവലംബിക്കാത്ത 'ചരിത്രകാരൻ'
അബൂ അമീൻ

**24** കുടുംബപഥം
ഇണയെ മനസ്സിലാക്കുക
റോഷൻ പുനലൂർ

**26** ലേഖനം
കെണിയുടെ രൂപങ്ങൾ
ശമീർ മദീനി

**29** കർമപഥം
വിവാഹം
വിവ: അബ്ദുൽ ജബ്ബാർ മദീനി

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു റൂം
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
റൂഹ് പിരിയും നാൾ
നസീമ വാടാനപ്പള്ളി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ഫാമിലി കോൺഫറൻസിന് റിയാദിൽ ഉജ്ജ്വല സമാപനം

റിയാദ്: സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദ് നഗരത്തിൽ നൂറുകണക്കിന് പ്രവാസി കുടുംബങ്ങൾ പങ്കെടുത്ത ഫാമിലി കോൺഫറൻസ് ഉജ്ജ്വലമായി സമാപിച്ചു. ജിസിസിയിൽ ഖത്തർ, കുവൈത്ത്, യു.എ.ഇ, ബഹ്റൈൻ, മസ്കറ്റ്, ജിദ്ദ, ജുബൈൽ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചതിന്റെ തുടർച്ചയായാണ് റിയാദിൽ കോൺഫറൻസിന് വേദിയായത്.

വിശ്വാസ വിശുദ്ധി, സംതൃപ്ത കുടുംബം എന്ന പ്രമേയത്തിൽ മെയ് 23ന് വെള്ളിയാഴ്ച മൂന്ന് സെഷനുകളിലായി നടന്ന സമ്മേളനം ദമാം ഇസ്‌ലാമിക് കൾച്ചറൽ സെന്ററിലെ ശൈഖ് അബ്ദുൽ ജബ്ബാർ അബ്ദുള്ള അൽ മദീനി ഉദ്ഘാടനം ചെയ്തു. സമ്മേളന പ്രമേയത്തിൽ ഹുസൈൻ സലഫി മുഖ്യ പ്രഭാഷണം നിർവഹിച്ചു. 'കുടുംബം; ആധുനിക പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയം ശിഹാബ് എടക്കര അവതരിപ്പിച്ചു. വിദ്യാർഥികൾക്കായി പ്രത്യേക വേദിയിൽ ബാലസമ്മേളനം അരങ്ങേറി.

വ്യത്യസ്ത ആക്ടിവിറ്റികളുടെ സഹായത്തോടെ പ്രഭാഷകർ വിദ്യാർഥികളുമായി സംവദിച്ചു. മറാത്ത് ഇസ്‌ലാമിക് കൾച്ചറൽ സെന്ററിലെ മലയാള വിഭാഗം പ്രബോധകൻ താജുദീൻ സലഫി, സുൽത്താന ഇസ്‌ലാമിക് കൾച്ചറൽ സെന്ററിലെ മലയാള വിഭാഗം പ്രബോധകൻ ഉമർ ഫാറൂഖ് മദനി, ആർഐസി സി പ്രബോധകൻ അബ്ദുള്ള അൽഹികമി തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു. ഉമർ ഫാറൂഖ് വേങ്ങര, ജഅ്ഫർ പൊന്നാനി, ഹിബത്തുല്ല സി.പി എന്നിവർ വ്യത്യസ്ത സെഷനുകൾ നിയന്ത്രിച്ചു.

റിയാദ് കേന്ദ്രീകരിച്ചു നടക്കുന്ന ഖുർആൻ ഹദീസ് തുടർപഠന സംരംഭമായ ക്യുഎച്ച്എൽസിയുടെ പതിനൊന്നാംഘട്ട പരീക്ഷയിലെ വിജയികൾക്കുള്ള സമ്മാനദാനം ഹുസൈൻ സലഫി, ശിഹാബ് എടക്കര, താജുദ്ദീൻ സലഫി എന്നിവർ നിർവഹിച്ചു.

കെഎംസിസി റിയാദ് സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് സിപി മുസ്തഫ, റിയാദ് മുസ്‌ലിം കോർഡിനേഷൻ കമ്മിറ്റി ചെയർമാൻ ഉസ്മാൻ അലി പാലത്തിങ്കൽ, അൽറയാൻ പോളിക്ലിനിക് എംഡി മുശ്താഖ് വിപി എന്നിവർ ആശംസകളർപ്പിച്ചു.

സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടന പ്രതിനിധികളുടെ സജീവ സാന്നിധ്യം ശ്രദ്ധേയമായി. സമ്മേളനം ചർച്ച ചെയ്യുന്ന വിഷയങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി പ്രതീക്ഷക്കപ്പുറം സമ്മേളനനഗരി നിറഞ്ഞുകവിഞ്ഞു. കൃത്യമായ സമയനിഷ്ഠയോടെ ഐടി സാങ്കേതിക സജ്ജീകരണങ്ങളോടെ, ആഴ്ചകളുടെ തയ്യാറെടുപ്പോടെ നടന്ന സമ്മേളനം സംഘാടനമികവുകൊണ്ടും ജനപങ്കാളിത്തംകൊണ്ടും ഏറെ ശ്രദ്ധയാകർഷിച്ചു.

സമ്മേളനത്തിന്റെ മുന്നോടിയായി പ്രീ കോൺഫറൻസ്, വനിതാ സംഗമം, സ്ട്രീറ്റ് ദഅ്‌വ, പ്രതിനിധി സംഗമം, കുടുംബ സന്ദർശനങ്ങൾ, സോഷ്യൽ മീഡിയ പ്രൊമോഷൻ തുടങ്ങി വ്യത്യസ്ത പ്രചാരണ പരിപാടികൾ നടന്നിരുന്നു.

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം മൂലം സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവാസി സമൂഹത്തിന് നിലവിലുള്ള അപകടരമായ സാമൂഹ്യ സാഹചര്യങ്ങൾ തുറന്നു കാട്ടാനും ഇസ്‌ലാമിക ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് വിശ്വാസ വിശുദ്ധിയിൽ അധിഷ്ഠിതമായ, കൃത്യമായ പ്രായോഗിക പരിഹാരങ്ങൾ നിർദേശിച്ചു ബോധ്യപ്പെടുത്താനും സമ്മേളനം ഏറെ സഹായകമായി.

**തിരുത്ത്**

20205 ജൂൺ 7ന് പുറത്തിറങ്ങിയ 'നേർപഥം' പേജ് 25, കോളം ഒന്ന്, പാരഗ്രാഫ് 4ൽ 'ഈ കള്ളം സ്ഥാപിച്ചെടുക്കുന്ന തത്രപ്പാടിൽ റസൂലിൻെറ വഫാത്തിന്ന് ആറു മാസം മുമ്പ് ഫാത്വിമ(റ) വഫാത്തായതൊന്നും ഇവർ അറിഞ്ഞുകാണില്ല' എന്നത് 'ഈ കള്ളം സ്ഥാപിച്ചെടുക്കുന്ന തത്രപ്പാടിൽ റസൂൽ(സ്വ) വഫാത്തായി ആറു മാസം കഴിഞ്ഞപ്പോഴേക്കും ഫാത്വിമ(റ) വഫാത്തായതൊന്നും ഇവർ അറിഞ്ഞുകാണില്ല' എന്നു തിരുത്തി വായിക്കുവാൻ അപേക്ഷ.

*-എഡിറ്റർ*

# കരയുന്ന ഗസ്സയും ആർത്തു ചിരിക്കുന്ന സയണിസ്റ്റുകളും

തലചായ്ക്കാൻ ഇടം നൽകിയവരെ ചവിട്ടിപ്പുറത്താക്കി ആധിപത്യമുറപ്പിച്ചവരാണ് ഇസ്റയേൽ യഹൂദികൾ. പിന്നീടിങ്ങോട്ട് ഫലസ്തീനികൾക്ക് എന്നെങ്കിലും സ്വസ്ഥമായി അന്തിയുറങ്ങാനുള്ള അവസരം ആ നരാധമന്മാർ നൽകിയിട്ടില്ല.

ഗസ്സ എന്ന പ്രദേശമിന്ന് മരണം മണക്കുന്ന ഇടമാണ്. കനത്ത ബോംബ് വർഷത്തിന്റെ ഭീകര ശബ്ദത്തിനും പിഞ്ചുമക്കളുടെയും സ്ത്രീകളുടെയും ദീനരോദനങ്ങൾക്കും വിരാമമില്ല. പട്ടിണിയാലും ചികിൽസ ലഭിക്കാതെയും പ്രയാസപ്പെടുന്ന ഒരു ജനവിഭാഗത്തെ കൊന്നൊടുക്കിക്കൊണ്ടേയിരിക്കുന്നു സയണിസ്റ്റ് പട്ടാളക്കാർ. സ്കൂളുകളും ആശുപത്രികളും അഭയാർഥി ക്യാമ്പുകളും ചുട്ടെരിക്കുമ്പോൾ ഉയരുന്ന കരിഞ്ഞ മനുഷ്യമാംസത്തിന്റെ രൂക്ഷഗന്ധം സയണിസ്റ്റ് പട്ടാളക്കാരെയും അവരെ നിയന്ത്രിക്കുന്ന നെതന്യാഹുവിനെയും വല്ലാതെ മത്തുപിടിപ്പിക്കുന്നുണ്ട്. അക്ഷരാർഥത്തിലുള്ള വംശഹത്യ നടത്തിക്കൊണ്ടിരിക്കുന്ന ഇസ്റായേൽ എന്ന ഭീകര രാജ്യത്തെ അടക്കി നിറുത്താൻ ആർക്കും കഴിയുന്നില്ല എന്നത് വല്ലാത്തൊരു അവസ്ഥയാണ്. ലോകത്ത് നിലവിലുള്ള ഒരു നിയമവും പാലിക്കാൻ തയ്യാറാകാതെ, ആരുടെയും എതിർപ്പിനെ ഭയപ്പെടാതെ, അഭ്യർഥനകളെ മാനിക്കാതെ കൊന്നൊടുക്കലിൽ വ്യാപൃതരാണവർ!

ഫലസ്തീനിലെ പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണമെത്തിക്കുന്നതും പരിക്കേറ്റവർക്കാവശ്യമായ മരുന്നെത്തിക്കുന്നതും അവർ തടയുന്നു. മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത എത്രയോ സന്നദ്ധ പ്രവർത്തകർ ഫലസ്തീനികളെ സഹായിക്കാൻ തയ്യാറാണ്. അതിനായി പുറപ്പെട്ട പലരെയും സയണിസ്റ്റ് ഭരണകൂടം കൊന്നു, എത്രയോ പേരെ തടവറയിലിട്ടു.

ഏറ്റവുമൊടുവിൽ, പട്ടിണി കിടക്കുന്ന ഫലസ്തീനികൾക്ക് ഭക്ഷ്യസഹായവുമായി ഗസ്സ മുനമ്പിലേക്ക് പുറപ്പെട്ട മെഡ്‌ലീൻ എന്ന കപ്പൽ ഇസ്റായേൽ പിടിച്ചെടുത്ത വാർത്ത പുറത്തുവന്നിരിക്കുന്നു. കപ്പലിലുണ്ടായിരുന്ന പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ തുംബർഗ്, യൂറോപ്യൻ പാർലമെന്റംഗം റിമ ഹസ്സ എന്നിവരടക്കം 12 ആക്ടിവിസ്റ്റുകളെ സൈന്യം കസ്റ്റഡിയിലെടുത്തിരിക്കുന്നു. ഇസ്റായേൽ തുടരുന്ന കടുത്ത ഉപരോധം മറികടന്ന് സഹായം വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഫ്രീ ഗസ്സ മൂവ്മെന്റിന്റെ ഗസ്സ ഫ്രീഡം ഫ്ലോട്ടിലയാണ് യാത്ര സംഘടിപ്പിച്ചത്. കപ്പലിൽ സൈന്യം അതിക്രമിച്ചു കയറിയതായും നിരായുധരായ യാത്രക്കാരെ തട്ടിക്കൊണ്ടുപോയതായും ഗസ്സ ഫ്രീഡം ഫ്ലോട്ടില പുറത്തുവിട്ട വിഡിയോ സന്ദേശത്തിൽ പറഞ്ഞു. കുഞ്ഞുങ്ങൾക്കടക്കമുള്ള ഭക്ഷ്യവസ്തുക്കളും മരുന്നും പിടിച്ചെടുത്തെന്നും അവർ വ്യക്തമാക്കി.

വംശഹത്യ തുടരുന്ന ഗസ്സയിൽനിന്ന് മൂന്നാമത്തെ സന്നദ്ധ പ്രവർത്തന ദൗത്യം പൂർത്തിയാക്കി ലണ്ടനിൽ തിരിച്ചെത്തിയ ബ്രിട്ടീഷ് ശസ്ത്രക്രിയാവിദഗ്ധയുടെ അനുഭവ വിവരണം വല്ലാതെ വേദനിപ്പിക്കുന്നതാണ്. തെക്കൻ ഗസ്സയിലെ നാസർ ആശുപത്രിയിലായിരുന്നു ഇത്തവണ റോസ് സേവനമനുഷ്ഠിച്ചത്. ജീവിതത്തിൽ ഇത്രയേറെ മരണവും ചോരച്ചാലുകളും താൻ കണ്ടിട്ടില്ലെന്ന് അവർ പറയുന്നു.

‘എല്ലാ ദിവസവും പുലർച്ചെ നാല് മണിയോടെ ഇസ്രാഈൽ സേന ബോംബാക്രമണം ആരംഭിക്കും. അതോടെ പരിക്കേറ്റ് രക്തത്തിൽ കുളിച്ച, കുട്ടികളടക്കമുള്ള അനേകംപേരെ ഫലസ്തീൻ സന്നദ്ധ പ്രവർത്തകർ ആശുപത്രിയിലേക്ക് കൊണ്ടുവരും. കഴിഞ്ഞ മാസം ഖാൻ യൂനിസിൽ ഡോ. അലാഅ അൽനജ്ജാറിന്റെ ഒമ്പത് കുട്ടികളെയും ഭർത്താവിനെയും കൊലപ്പെടുത്തി. കുടുംബം ഒന്നടങ്കം കൂട്ടക്കൊല ചെയ്യപ്പെട്ടപ്പോൾ പരിക്കുകളോടെ രക്ഷപ്പെട്ട യാക്കൂബ്, മുഹമ്മദ് എന്നീ സഹോദരങ്ങളും അനാഥയായ അസീസ എന്ന എട്ടു വയസ്സുകാരിയും നീറുന്ന ഓർമകളാണ്. മാതാപിതാക്കളും ഉറ്റവരും കൊല്ലപ്പെട്ടപ്പോൾ അനാഥയായി തെരുവിൽ അലഞ്ഞു നടക്കുന്നതു കണ്ട ആരോ ആണ് അവളെ ആശുപത്രിയിൽ എത്തിച്ചത്...’ ഡോ. റോസിന്റെ അനുഭവക്കുറിപ്പ് ഇങ്ങനെ തുടരുന്നു. ■

അൻവർ അബൂബക്കർ

# പാപമുക്തരായ മലക്കുകൾ സിഹ്ർ പഠിപ്പിക്കുകയോ?



ഇസ്‌ലാം സിഹ്‌റിനെ ഏറ്റവും ഗുരുതരമായ വൻപാപങ്ങളിലൊന്നായി കണക്കാക്കുന്നു. ഖുർആൻ സിഹ്‌റിനെ കുഫ്‌റിന്റെ കൂട്ടത്തിൽ ഉൾപെടുത്തിയിട്ടുള്ളതായി കാണാം. അത്രത്തോളം ഗുരുതരവും അല്ലാഹുവിന്റെ കാരുണ്യം നഷ്ടപ്പെടാൻവരെ കാരണമായിത്തീരുന്നതുമായ, അത്യന്തം അപകടകരമായ തിന്മനിറഞ്ഞ പ്രവൃത്തിയാണ് ഇത്. പിന്നെ എന്തുകൊണ്ടാണ് പാപമുക്തരായ, ഹാറൂത്ത്, മാറൂത്ത് എന്നീ മലക്കുകൾ ബാബിലോണിൽ താമസമാക്കിയിരുന്ന ബനൂഇസ്‌റാഈൽ ജനതക്ക് സിഹ്ർ പഠിപ്പിച്ചുകൊടുത്തത്? ഈ ചോദ്യത്തിനുള്ള ഉത്തരം വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട ഒരു ഗൗരവപൂർണമായ ചിന്താവിഷയം തന്നെയാണ്. ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ ചരിത്രസത്യത്തിന്റെ അർഥതലങ്ങൾ ആഴത്തിൽ നാം മനസ്സിലാക്കേണ്ടതുണ്ട്.

മലക്കുകളായ ഹാറൂത്തും മാറൂത്തും നടത്തിയ പ്രവൃത്തിയെ കുറിച്ചും അതിന്റെ യഥാർഥ ലക്ഷ്യത്തെപ്പറ്റിയും പരിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. അല്ലാഹു പറഞ്ഞു:

"ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, അതിനാൽ നീ അവിശ്വസിച്ചുപോകരുത് എന്നു പറയാതെ ഒരാൾക്കും അവർ രണ്ടാളും പഠിപ്പിച്ചിരുന്നതുമില്ല" (അൽബഖറ 102).

ജനങ്ങൾക്ക് സിഹ്‌റുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ അവർ പഠിപ്പിച്ചിരുന്നെങ്കിലും, അതിന്റെ ഉദ്ദേശ്യം അത് ജീവിതത്തിൽ പ്രയോഗിക്കലല്ലായിരുന്നു. അതിന്

പൂർണമായും വിപരീതമായിരുന്നു അവരുടെ ലക്ഷ്യം. അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ഒരു പരീക്ഷണമായിട്ടാണ് അവർ അയക്കപ്പെട്ടതെന്നും അതിനാൽ സിഹ്ർ ചെയ്തുകൊണ്ട് നിങ്ങൾ കുഫ്‌റിലേക്കൊതുങ്ങുന്ന ജനതയാകരുതെന്നും അവർ കർശനമായി ആ സമൂഹത്തിന് മുന്നറിയിപ്പു നൽകി. നല്ലവരെയും ദുഷിച്ചവരെയും വേർതിരിക്കാനായുള്ള ഒരു പരീക്ഷണമായിട്ടാണ് അവർ നിയോഗിക്കപ്പെട്ടത്. ജനങ്ങൾ സിഹ്‌റിന്റെ യഥാർഥ ദോഷസ്വഭാവം മനസ്സിലാക്കി അതിൽനിന്ന് വിട്ടുനിൽക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുകയാണ് അവർ ചെയ്തിട്ടുള്ളത്. ഹാറൂത്തും മാറൂത്തും അവരുടെ സന്ദേശം സാമാന്യ ഉപദേശമായി മാത്രമല്ല, മറിച്ച് ആത്മാർഥതയും കടുത്ത ജാഗ്രതയും നിറഞ്ഞ രീതിയിലാണ് ബാബിലോണിലെ ജനങ്ങളോട് പങ്കുവെച്ചത്. അവർ കൈമാറിയ സിഹ്‌റിന്റെ വിജ്ഞാനം, ജീവിതത്തിൽ പ്രായോഗികമായി ഉപയോഗിക്കാനല്ല, മറിച്ച് അതിന്റെ ദോഷം മനസ്സിലാക്കി വിട്ടുനിൽക്കാനാണെന്നാണ് ഖുർആൻ വ്യക്തമാക്കുന്ന പാഠം.

നന്മയും തിന്മയും അല്ലാഹുവിൽ നിന്നുള്ളതാണെന്നുള്ള സത്യമാണ് നമ്മുടെ അടിസ്ഥാന വിശ്വാസം. മനുഷ്യന് മുമ്പിൽ അവയുടെ ഇരുവഴികളും തുറന്നുവെച്ചിരിക്കുന്നതാണ്. ഏത് വഴിയിലൂടെയാണ് ചുവടുവെക്കേണ്ടത് എന്നത് തിരഞ്ഞെടുക്കാൻ അവന് സ്വാതന്ത്ര്യവുമുണ്ട്, ഉത്തരവാദിത്തവുമുണ്ട്. അല്ലാഹു പറഞ്ഞിരിക്കുന്നു:

“മിശ്രമായ ഒരു ഇന്ദ്രിയബിന്ദുവിൽനിന്നു മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു; അവനെ നാം പരീക്ഷിക്കാൻ വേണ്ടി. അങ്ങനെ, നാം അവനെ കേൾക്കാനും കാണാനും കഴിയുന്നവനാക്കി. തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു” (അൽഇൻസാൻ 2-3).

മനുഷ്യന്റെ ജീവിതം പൂർണമായും ഒരു പരീക്ഷണമാണ്. നാം അല്ലാഹുവിൽനിന്നുള്ള അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവരാകുമോ, നന്ദികേട് കാണിക്കുന്നവരാകുമോ എന്നത് മനുഷ്യന് നൽകിയിട്ടുള്ള ഇച്ഛാസ്വാതന്ത്ര്യത്തിലാണ് ആശ്രയിച്ചിരിക്കുന്നത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു പരീക്ഷണമാണിത്. ഈ പരീക്ഷണത്തിൽ വിജയിക്കാനാവശ്യമായ എല്ലാ ഉപാധികളും അല്ലാഹു മനുഷ്യനുവേണ്ടി ഒരുക്കിയിട്ടുണ്ട്. എന്താണ് ചെയ്യേണ്ടത്, എന്താണ് ഒഴിവാക്കേണ്ടത് എന്നതിനെക്കുറിച്ചെല്ലാം വിവേചനബുദ്ധിയിലൂടെ തിരിച്ചറിയാവുന്ന വിധത്തിൽ അല്ലാഹു മനുഷ്യന് മാർഗദർശനവും നൽകിയിരിക്കുന്നു. കേൾക്കാനും കാണാനും കരുതാനും കഴിവുള്ള മനുഷ്യന്, ജീവിതത്തിലെ സത്യവും നിഷേധവുമെന്താണെന്ന് തിരിച്ചറിയുവാനും അവയെക്കുറിച്ച് നിലപാട് സ്വീകരിക്കുവാനും സ്വാതന്ത്ര്യമുണ്ട്. അങ്ങനെ നോക്കുമ്പോൾ, നന്മയും തിന്മയും നമ്മുടെ മുന്നിൽ തുറന്നുവെച്ചിരിക്കുന്ന യാഥാർഥ്യങ്ങളാണ്. അതുമായിബന്ധപ്പെട്ട രണ്ടു വഴികളിൽ ഒന്ന് ഓരോ മനുഷ്യനും തന്റെ സ്വന്തം താൽപര്യത്തിലൂടെ തെരഞ്ഞെടുക്കേണ്ടതായിരിക്കുന്നു. ഇതെല്ലാം, ആകെക്കൂടി എടുത്താൽ, ഈ തെരഞ്ഞെടുപ്പ് മനുഷ്യന്റെ പ്രബുദ്ധമായ പരീക്ഷണ ജീവിതത്തിന്റെ ഭാഗമാണെന്നതിൽ സംശയമില്ല. ബാബിലോണിൽ മലക്കുകളായ ഹാറൂത്തും മാറൂത്തും ഇസ്‌റാഈൽ ജനതയുടെ മുന്നിലേക്ക് അവതരിപ്പിച്ച സിഹ്‌റിന്റെ സന്ദേശത്തിലും ഇത് പ്രകടമായിരുന്നു. അതൊരു സ്ഥിരമായ പഠനപരിശീലനമോ പ്രായോഗിക അറിവ് കൈമാറലോ അല്ല. മറിച്ച്, അല്ലാഹു മനുഷ്യനെ പരീക്ഷിക്കുന്നതിന്റെ ഭാഗമായുള്ള, സിഹ്‌റെന്ന തിന്മയുടെ യാഥാർഥ്യം തിരിച്ചറിയുവാനും അതിൽ നിന്ന് കരുതലോടെ ദൂരെ നിൽക്കുവാനും ആഹ്വാനം ചെയ്യുന്ന ഒരു തുറന്ന ബോധവൽക്കരണമായിരുന്നു ആ സംഭവത്തിന്റെ പശ്ചാത്തലം.

സിഹ്ർ പഠിക്കരുത്, കാരണം അത് കുഫ്‌റാണ് എന്നതാണ് ബാബിലോണിലെ ജനങ്ങളോടായി മലക്കുകൾ സഗൗരവം വ്യക്തമാക്കിയ മുന്നറിയിപ്പ്. ‘ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, അതിനാൽ

ബാബിലോണിൽ മലക്കുകളായ ഹാറൂത്തും മാറൂത്തും ഇസ്‌റാഈൽ ജനതയുടെ മുന്നിലേക്ക് അവതരിപ്പിച്ച സിഹ്‌റിന്റെ സന്ദേശത്തിലും ഇത് പ്രകടമായിരുന്നു. അതൊരു സ്ഥിരമായ പഠന പരിശീലനമോ പ്രായോഗിക അറിവ് കൈമാറലോ അല്ല. മറിച്ച്, അല്ലാഹു മനുഷ്യനെ പരീക്ഷിക്കുന്നതിന്റെ ഭാഗമായുള്ള, സിഹ്‌റെന്ന തിന്മയുടെ യാഥാർഥ്യം തിരിച്ചറിയുവാനും അതിൽ നിന്ന് കരുതലോടെ ദൂരെ നിൽക്കുവാനും ആഹ്വാനം ചെയ്യുന്ന ഒരു തുറന്ന ബോധവൽക്കരണമായിരുന്നു ആ സംഭവത്തിന്റെ പശ്ചാത്തലം.

നീ അവിശ്വസിച്ചു പോകരുത്' എന്നതായിരുന്നു അവരുടെ ഉപദേശം. പിശാചുക്കൾ സിഹ്ർ പഠിപ്പിച്ചതിന്റെ യാഥാർഥ്യം, അത് ജനങ്ങളെ ആശയക്കുഴപ്പത്തിലേക്കും വഴികേടിലേക്കും നയിക്കുവാനുള്ളതായിരുന്നുവെന്ന് ക്വുർആൻ വ്യക്തമാക്കുന്നു. അതിനൊപ്പം, സുലൈമാൻ നബി(അ)യുമായി ഈ മഹാപാതകത്തെ ബന്ധപ്പെടുത്തി പ്രചാരണം നടത്താനും പിശാചുക്കൾ ശ്രമിച്ചു. ഇതെല്ലാം ഒരു ഗൗരവമേറിയ വിഷയമാണെന്ന നിലയിലാണ് അല്ലാഹു ഇതിനെതിരെ ക്വുർആനിലൂടെ മുന്നറിയിപ്പ് നൽകിയത്.

ബാബിലോണിൽ സിഹ്റിന്റെ വ്യാപനം അത്യന്തം ഗുരുതരമായിരുന്നതിനാൽ, അവിടത്തെ ജനങ്ങൾക്ക് സിഹ്റും മുഅ്ജിസത്തും തമ്മിൽ വേർതിരിച്ചു മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ മാറി. ഈ ആശയക്കുഴപ്പത്തിൽനിന്ന് ജനങ്ങൾ ഗുരുതരമായൊരു തെറ്റിലേക്കാണ് വഴുതിപ്പോയത്. സുലൈമാൻ നബി(അ)യിലൂടെ അല്ലാഹു പ്രകടമാക്കിയ മുഅ്ജിസത്തുകളും അദ്ദേഹത്തിന് ലഭിച്ച ഭൗതിക അനുഗ്രഹങ്ങളും സിഹ്റിന്റെ ഫലമായിട്ടാണ് എന്ന പിശാചുക്കൾ പരത്തിയ കള്ളപ്രചാരണങ്ങൾ ജനങ്ങൾ വിശ്വസിക്കാൻ തുടങ്ങി. ഈ വ്യാജബോധം അവിടുത്തെ സാധാരണക്കാരായ ജനങ്ങളിൽ പരക്കെ സ്ഥാപിതമായി. ഇതിലൂടെ, സിഹ്റും മുഅ്ജിസത്തും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം മനസ്സിലാക്കാതെ ആശയക്കുഴപ്പത്തിലായ ഒരു സമൂഹം രൂപപ്പെട്ടു. അതുകൊണ്ടാണ്, സിഹ്റിന്റെ യാഥാർഥ്യവും അതിലടങ്ങിയ കുഫ്റും ജനങ്ങൾക്ക് പഠനാർഹമായ രീതിയിൽ വ്യക്തമാക്കാൻ വേണ്ടിത്തന്നെ അല്ലാഹു ബാബിലോണിലേക്ക് രണ്ട് മലക്കുകളെ നിയോഗിച്ചത്.

കെ. ഉമർ മൗലവി(റഹി) എഴുതി: "മലക്കുകളെന്നുവെച്ചാൽ സാധാരണ നാം പറഞ്ഞുവരുന്ന മലക്കുകൾ എന്നുതന്നെ. അവർ മനുഷ്യരൂപമെടുത്ത് ജനങ്ങളുമായി സമ്പർക്കം പുലർത്തി. അവർ ജനങ്ങളെ സിഹ്ർ പഠിപ്പിച്ചു. സിഹ്റും മുഅ്ജിസത്തും തമ്മിലുള്ള വ്യത്യാസം തെളിഞ്ഞുകാണുവാൻ വേണ്ടിയാണ് അവർ പഠിപ്പിച്ചതെന്ന് കാണുന്നു" (തർജുമാനുൽ ക്വുർആൻ, അൽബക്വറ 102ാം ആയത്തിന്റെ വ്യാഖ്യാനം).

മഹാനായ മൂസാ നബി(അ) തന്റെ ജനങ്ങളെ അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചിരുന്ന സമയത്ത്, അല്ലാഹുവിൽനിന്നുള്ള അനേകം ദൃഷ്ടാന്തങ്ങൾ അദ്ദേഹം ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ ഈ മുഅ്ജിസത്തുകൾ കേവലമായ മാന്ത്രികതയാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ഫിർഔൻ ചില ചെപ്പടിവിദ്യക്കാരെ കൂട്ടിക്കൊണ്ടുവന്നു. ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനും മൂസാ നബി(അ)യുടെ സന്ദേശത്തെ നിരാകരിക്കാനുമാണ് അയാൾ ഈ ശ്രമം നടത്തിയത്. എന്നാൽ, ഈ ദൃഷ്ടാന്തങ്ങൾ ചെപ്പടിവിദ്യയല്ലെന്നത് ആദ്യമായി തിരിച്ചറിഞ്ഞത് സിഹ്റിന്റെ യാഥാർഥ്യത്തെക്കുറിച്ചുള്ള അറിവ് ഉണ്ടായിരുന്ന മാന്ത്രികർ തന്നെയായിരുന്നു. കാരണം, അവർക്ക് സിഹ്റിന്റെ പരിധിയും പ്രകൃതിയും നല്ലപോലെ അറിയാമായിരുന്നു. അതുപോലെ, സിഹ്റിനെക്കുറിച്ചുള്ള വ്യക്തമായ അറിവ് ജനങ്ങൾക്ക് ലഭിക്കുമ്പോൾ കുഫ്റിൽ അധിഷ്ഠിതമായ സിഹ്റും അല്ലാഹുവിൽനിന്നുള്ള അനുഗ്രഹമായ മുഅ്ജിസത്തും തമ്മിലുള്ള അന്തരം കൃത്യമായി മനസ്സിലാക്കാൻ കഴിയും. സുലൈമാൻ നബി(അ)ക്ക് ലഭിച്ചിരുന്ന അസാധാരണമായ അനുഗ്രഹങ്ങൾ സിഹ്റിന്റെ ഫലമല്ല, മറിച്ച് പ്രവാചകത്വത്തിന്റെ സത്യസാക്ഷ്യമായി അല്ലാഹു നൽകിയ മുഅ്ജിസത്തുകളായിരുന്നു. ഈ വസ്തുത ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുന്നതിനും സിഹ്റിന്റെ യാഥാർഥ്യവും അതിലടങ്ങിയ കുഫ്റും വെളിപ്പെടുത്തുന്നതിനും വേണ്ടിയാണ് അല്ലാഹു ബാബിലോണിലേക്ക് രണ്ട് മലക്കുകളെ നിയോഗിച്ചയച്ചത്. അതാകട്ടെ, അല്ലാഹുവിന്റെ കൃത്യമായ അറിവിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിൽ അവൻ എടുത്ത തീരുമാനവുമാണ്

ഈ വിഷയത്തിൽ വലിയൊരു പാഠം നൽകുന്ന ഹദീസാണ് ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ രേഖപ്പെടുത്തിയിരിക്കുന്ന റാഹിബിന്റെ കഥ. അമാനി മൗലവി(റഹി) തന്റെ തഫ്സീറിൽ ഈ ചരിത്രത്തിന്റെ രത്നച്ചുരുക്കം നൽകിയിട്ടുണ്ട്. അത് ഇപ്രകാരമാണ്: "മുൻകാലത്ത് ഒരു രാജാവിനു ഒരു 'സാഹിർ' (ആഭിചാര വിദഗ്ധൻ  അഥവാ മായവിദ്യക്കാരൻ) ഉണ്ടായിരുന്നു. അയാളുടെ മരണശേഷം തന്റെ ഒരു പിൻഗാമിയാക്കിത്തീർക്കണമെന്ന ഉദ്ദേശത്തിൽ അയാൾ ഒരു കുട്ടിക്ക് 'സിഹ്ർ' (ആഭിചാരം അഥവാ മായാവിദ്യ) പഠിപ്പിച്ചു വന്നിരുന്നു. കുട്ടിയുടെ വഴിമധ്യേ ഒരു 'റാഹിബു' (പുരോഹിതൻ) ഉണ്ടായിരുന്നു. പോക്കുവേളകളിൽ കുട്ടി റാഹിബുമായി സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുകയും ആ വഴി കുട്ടിക്ക് അല്ലാഹുവിൽ വിശ്വാസമുണ്ടായിത്തീരുകയും ചെയ്തു. ഒരു ദിവസം വഴിയിൽ ഒരു മൃഗം പ്രത്യക്ഷപ്പെട്ടു ഗതാഗത തടസ്സമുണ്ടാക്കുകയു

ണ്ടായി. റാഹിബിന്റെ സിദ്ധാന്തങ്ങളാണ് ശരിയായതെങ്കിൽ ഈ മൃഗത്തെ കൊലപ്പെടുത്തേണമേ എന്നു പ്രാർഥിച്ചുകൊണ്ട് കുട്ടി ആ മൃഗത്തിനു നേരെ കല്ലെറിഞ്ഞു. മൃഗം ചത്തു. മാർഗതടസ്സം നീങ്ങി. ഈ സംഭവം മുഖേന കുട്ടിയുടെ കാര്യം ജനശ്രദ്ധയാകർഷിച്ചു. അനന്തരം കുട്ടിയുടെ കൈക്ക് പല രോഗങ്ങളും സുഖപ്പെടുക മുതലായ സംഭവങ്ങൾ നടക്കുകയും, ജനങ്ങൾക്കു കുട്ടിയെപ്പറ്റി വലിയ മതിപ്പുണ്ടായിത്തീരുകയും ചെയ്തു. കൂട്ടത്തിൽ രാജാവുമായി അടുത്ത ബന്ധമുള്ള ഒരാളുടെ കാഴ്ച നഷ്ടപ്പെട്ടിരുന്ന കണ്ണിനും കുട്ടിയുടെ കൈക്ക് സുഖം ലഭിച്ചു. ഇതുമുഖേന രാജാവും കുട്ടിയുടെ കഥയറിഞ്ഞു. കുട്ടിയുടെ പഠിത്തത്തിന്റെ ഫലമാണ് അതെല്ലാമെന്നാണ് ജനങ്ങൾ ധരിച്ചത്. പക്ഷേ, ഇതെല്ലാം എന്റെ റബ്ബിന്റെ പ്രവർത്തനങ്ങളാണ് എന്ന് കുട്ടി പ്രഖ്യാപിച്ചു. 'ഞാനല്ലാതെ മറ്റൊരു റബ്ബ് ആരാണ്?' എന്നായി രാജാവ്. അതിനെത്തുടർന്ന് കുട്ടിയേയും അവന്റെ ഗുരുവായ റാഹിബിനെയും രാജാവ് പിടികൂടി. റാഹിബിനെ ഉളിവാൾ വെച്ചു പൊളിച്ചു വീഴ്ത്തി. പിന്നീട് കുട്ടി അവന്റെ പുതിയ മതം ഉപേക്ഷിക്കാത്തപക്ഷം അവനെ ഒരു മലമുകളിൽ കൊണ്ടുപോയി കീഴ്പ്പോട്ടിടാൻ രാജാവ് കൽപിച്ചു. പക്ഷേ, കുട്ടിയുടെ പ്രാർഥനാഫലമായി കുട്ടി രക്ഷപ്പെട്ടു. അതിനുശേഷം കപ്പലിൽ കയറ്റി സമുദ്രത്തിലെറിയുവാൻ ഏർപ്പാടു ചെയ്തു. അതിലും അവൻ കരപറ്റി രക്ഷപ്പെട്ടു. കൊണ്ടുപോയവർക്കു നാശം പിണയുകയും ചെയ്തു. ഒടുക്കം കുട്ടി പറഞ്ഞു: 'എന്നെ കൊല്ലണമെങ്കിൽ എന്റെ അമ്പുകൊണ്ട് എന്റെ റബ്ബിന്റെ പേരു പറഞ്ഞ് എന്നെ പരസ്യമായി എറിയണം.' അതു ഫലിക്കുകയും ചെയ്തു. ഇതു കണ്ടപ്പോൾ ജനങ്ങൾ കൂട്ടമായി അല്ലാഹുവിൽ വിശ്വസിച്ചു. അപ്പോൾ രാജാവും കിങ്കരന്മാരും വലിയ ഒരു അഗ്നികുണ്ഡം തയ്യാറാക്കി സത്യവിശ്വാസികളെ അതിലിട്ടു അഗ്നിക്കിരയാക്കി" (അമാനി തഫ്സീർ, സൂറഃ അൽബുറൂജ് 4-7 ആയത്തുകളുടെ വ്യാഖ്യാനം).

ശരിയായ വിശ്വാസത്തോടും അല്ലാഹുവിൽനിന്നുള്ള ദൃഷ്ടാന്തങ്ങളായ കറാമത്തുകളോടും പൂർണമായും എതിരായിട്ടുള്ള ഒരു ക്ഷുദ്രപ്രവൃത്തി മാത്രമാണ് സിഹ്ർ എന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നുണ്ട്. സിഹ്റിന്റെ പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധമുണ്ടായിരുന്ന വലിയൊരു ജനവിഭാഗത്തിന്, സിഹ്റും കറാമത്തും തമ്മിലുള്ള മൗലിക വ്യത്യാസം മനസ്സിലാക്കിക്കൊടുക്കേണ്ടത് അത്യന്താപേക്ഷിതം അനിവാര്യമായിരുന്നു. അതിനാലാണ് ഒരു കുട്ടിയുടെ ജീവിതത്തിലൂടെ അല്ലാഹു ആ സമൂഹത്തിന് ഈ സത്യവും അസത്യവും വ്യക്തമായി വേർതിരിച്ച് മനസ്സിലാക്കിക്കൊടുത്തത്.

ഇതുപോലെ, അല്ലാഹുവിൽനിന്നുള്ള ദൃഷ്ടാന്തങ്ങളായ മുഅ്ജിസത്തുകളും മനുഷ്യരും പിശാചുക്കളും മ്ലേച്ഛമായ വഴിയിലൂടെ പ്രാവർത്തികമാക്കുന്ന സിഹ്റും തമ്മിലുള്ള പൂർണ വ്യത്യാസം വ്യക്തമാക്കുന്ന വസ്തുതയാണ് ഈ വിവരണങ്ങളിലൂടെ നമുക്ക് ബോധ്യപ്പെടുന്നത്. സുലൈമാൻ നബി(അ)ക്ക് ലഭിച്ച അനുഗ്രഹങ്ങൾ പിശാചുകൾ പ്രചരിപ്പിച്ചതുപോലെ സിഹ്റിന്റെ ഫലമല്ല, മറിച്ച് അതെല്ലാം ശരിയായ വിശ്വാസത്തിന്റെ ഭാഗമായി അല്ലാഹുവിൽ നിന്ന് ലഭിച്ച ദിവ്യാനുഗ്രഹങ്ങളാണ്. ഈ യാഥാർഥ്യം ജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതിനായി, ബാബിലോണിൽ ഹാറൂത്ത്, മാറൂത്ത്

> സിഹ്റിനെക്കുറിച്ചുള്ള വ്യക്തമായ അറിവ് ജനങ്ങൾക്ക് ലഭിക്കുമ്പോൾ കുഫ്റിൽ അധിഷ്ഠിതമായ സിഹ്റും അല്ലാഹുവിൽനിന്നുള്ള അനുഗ്രഹമായ മുഅ്ജിസത്തും തമ്മിലുള്ള അന്തരം കൃത്യമായി മനസ്സിലാക്കാൻ കഴിയും. സുലൈമാൻ നബി(അ)ക്ക് ലഭിച്ചിരുന്ന അസാധാരണമായ അനുഗ്രഹങ്ങൾ സിഹ്റിന്റെ ഫലമല്ല, മറിച്ച് പ്രവാചകത്വത്തിന്റെ സത്യസാക്ഷ്യമായി അല്ലാഹു നൽകിയ മുഅ്ജിസത്തുകളായിരുന്നു. ഈ വസ്തുത ജനങ്ങൾക്ക് മനസ്സിലാക്കികൊടുക്കുന്നതിനും സിഹ്റിന്റെ യാഥാർഥ്യവും അതിലടങ്ങിയ കുഫ്റും വെളിപ്പെടുത്തുന്നതിനും വേണ്ടിയാണ് അല്ലാഹു ബാബിലോണിലേക്ക് രണ്ട് മലക്കുകളെ നിയോഗിച്ചയച്ചത്.

എന്നീ രണ്ട് മലക്കുകളെ അല്ലാഹു നിയോഗിച്ചു. സിഹ്റിനെക്കുറിച്ചുള്ള കാര്യങ്ങൾ അവർ ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുത്തു. സിഹ്റിന്റെ തിന്മയും മുഅ്ജിസത്തുകളുടെ മഹത്ത്വവും ജനങ്ങൾ വ്യക്തമായി തിരിച്ചറിയുകയായിരുന്നു ഈ പഠിപ്പിക്കലിന്റെ ലക്ഷ്യം. അതായത് സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കുക എന്നതായിരുന്നു ഹാറൂത്തിനെയും മാറൂത്തിനെയും ഏൽപിച്ച ദൗത്യത്തിന്റെ ഉദ്ദേശ്യം. ■



ഉസ്മാൻ പാലക്കാഴി
: 9656 292 244

# ദേശീയത;
## നിലപാടിലെ തെറ്റും ശരിയും

“ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരുന്നതിനു മുമ്പ് ഇവിടെ ദേശീയതയുണ്ടായിരുന്നുവെന്നത് മിഥ്യാബോധമാണ്. അവരെ എതിർക്കാൻ തുടങ്ങിയപ്പോഴാണ് ദേശീയതയുണ്ടായത്. ബ്രിട്ടുഷുകാരുടെ വരവിനു മുമ്പ് ഇന്ത്യയെന്നൊരു രാജ്യമില്ലായിരുന്നു. ഇന്ത്യ എന്ന സാംസ്കാരിക സങ്കൽപം ഉണ്ടായിരുന്നു. പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് ചരിത്രം എഴുതേണ്ടത് എങ്കിൽ ഭാരതത്തിന് പണ്ടൊരു ദേശീയതയുണ്ടായിരുന്നു; അത് ബ്രിട്ടീഷുകാർ നശിപ്പിച്ചു എന്നു എന്നു പറയുന്നതിൽ വാസ്തവമില്ല.

ദേശീയതക്ക് രണ്ടു ഘടകങ്ങൾ അത്യാവശ്യമാണ്. ആദ്യമായി ശത്രു വേണം. പിന്നെ വേണ്ടത് അഭിമാനബോധമുണർത്തുന്ന ഒരു സുവർണ ഭൂതകാലത്തെ പറ്റിയുള്ള ധാരണ. അങ്ങനെ ബ്രിട്ടീഷുകാർ ശത്രുക്കളും ഗുപ്തകാലം ഇന്ത്യയുടെ സുവർണയുഗവുമായി കണ്ടാണ് ദേശീയ ബോധം വളർന്നത്. ബ്രിട്ടീഷുകാർ ചരിത്രമെഴുതിയപ്പോൾ വിദേശ ആക്രമണങ്ങളുടെ ഒരു പരമ്പരയാണ് ഇന്ത്യാചരിത്രം എന്നു വരുത്തി. അതിനെ പ്രതിരോധിക്കാൻ ഇന്ത്യൻ ചരിത്രകാരന്മാർ ദേശീയ ചരിത്രമുണ്ടാക്കുകയായിരുന്നു. ബ്രിട്ടീഷുകാരെ എതിർക്കാൻ തുടങ്ങിയപ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവ

> ദേശീയതയെ നിർണയിക്കുന്നതിന് പല ഘടക ങ്ങളുമുണ്ട്. എന്നാൽ കൽപിത കഥകളിൽ അഭിരമിക്കുകയും അപര വിദ്വേഷത്തിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നതിന്റെ പേരാണ് ഇന്ത്യൻ ദേശീയത എന്ന നിലയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കുന്നതിൽ സംഘ്പരിവാർ വഹിച്ച പങ്ക് ചെറുതല്ല.

സാനത്തിലാണ് ഇന്ത്യയിൽ ദേശീയത രൂപപ്പെടുന്നത്. ആർഷഭാരതത്തിൽ ആത്മീയ സംസ്കാരവും ആത്മീയമായ ദേശീയതയും ഉണ്ടായിരുന്നു എന്നു ധരിക്കുന്നത് വിഡ്ഢിത്തമാണ്. സങ്കീർണമായ ആ സമൂഹ വ്യവസ്ഥയിൽ ദേശീയതയ്ക്ക് സാധ്യതയില്ലായിരുന്നു. ഇന്നത്തെ രാഷ്ട്രത്തെപ്പോലൊരു മൗര്യ സാമ്രാജ്യത്തെയോ ഗുപ്തസാമ്രാജ്യത്തെയോ ഒന്നും കണക്കാക്കാൻ പറ്റില്ല. പുതിയ ദേശീയത കൊണ്ടു നടക്കുന്നവർ വാൽമീകി രാമായണം ശ്രീരാമന്റെ ചരിത്രമാണെന്നു പറഞ്ഞുനടക്കുകയാണ്. നമ്മുടെ പൂർവികർക്ക് അങ്ങനെയൊരു ധാരണയില്ലായിരുന്നു. ആദികവി എന്നാണ് വാൽമീകിയെ വിളിച്ചത്. ആദി ചരിത്രകാരൻ എന്നല്ല. ശ്രീരാമൻ യഥാർഥ ചരിത്ര പുരുഷനാണെന്ന് സമർഥിക്കാനുള്ള ശ്രമമാണ് പത്തു മുപ്പതു വർഷമായി നടക്കുന്നത്. രാജ്യസ്നേഹത്തിന്റെ ലക്ഷ്യം ഹിന്ദുത്വത്തെ അംഗീകരിക്കലാണെന്ന മട്ടിൽ വരെ എത്തിയിരിക്കുന്നു. ഹിന്ദു എന്ന വാക്കിന് മതവുമായി ബന്ധമില്ല. വിവിധ ജാതി വിഭാഗങ്ങളാണ് അന്ന് ഇവിടെയുണ്ടായിരുന്നത്...” 8 വർഷം മുമ്പ് ദേശീയതയെക്കുറിച്ചുള്ള ഒരു പ്രഭാഷണ പരമ്പരയിൽ പ്രൊഫ.എം.ജി.എസ് നാരായണൻ നടത്തിയ പ്രസ്താവനകളാണിത്. അന്ന് മാധ്യമങ്ങൾ ഏറെ പ്രാധാന്യത്തോടെ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

എന്താണ് ദേശീയത? എങ്ങനെയാണ് അത് രൂപപ്പെടുന്നത്? “ഒരു രാഷ്ട്രത്തിലെ ജനങ്ങളുടെയിടയിൽ രൂപപ്പെടുന്ന രാജ്യത്തോടുള്ള കൂറ്, ഐക്യബോധം എന്നീ സ്വഭാവഗുണങ്ങൾ ഒരുമിച്ചു ചേരുന്ന സവിശേഷ വൈകാരികാവസ്ഥയാണ് ദേശീയത അഥവാ ദേശീയബോധം. രാജ്യത്തിലെ ജനതയുടെ അതിവിശിഷ്ടമായ ഒരു മനോവികാരമായി ദേശീയബോധത്തെ അഥവാ ദേശീയതയെ കണക്കാക്കാം. ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമെ ഒരു രാഷ്ട്രത്തിൽ ദേശീയ ബോധം ഉടലെടുക്കാറുള്ളൂ. ഒരു രാഷ്ട്രത്തിലെ ജനങ്ങളെല്ലാം ഒരേ ഭാഷ സംസാരിക്കുന്നവരാണെങ്കിൽ അവരുടെ ഇടയിൽ സ്വാഭാവികമായും ഐകമത്യ ബോധം ഉണ്ടാകുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമനി തുടങ്ങിയ രാഷ്ട്രങ്ങളിൽ ദേശീയബോധം വളരുവാനുള്ള കാരണം അവരുടെ ഭാഷയാണ്. അതുപോലെതന്നെ ഒരു രാഷ്ട്രത്തിലെ ജനങ്ങളെല്ലാം ഒരേ വംശത്തിൽ പ്പെട്ടവരാണെങ്കിലും അവരുടെയിടയിൽ ദേശീയബോധം വളരുന്നു. യഹൂദ വംശജർ താമസിക്കുന്ന ഇസ്രയേലിൽ ശക്തമായ ദേശീയബോധം വളരുവാനുള്ള കാരണം ഇതാണ്. രാഷ്ട്രത്തിലെ ജനങ്ങൾക്ക് പൊതുവായ ഒരു മതമുണ്ടെങ്കിൽ അതും ദേശീയബോധത്തിന്റെ വളർച്ചയ്ക്ക് സഹായകമാണ്. ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ദേശീയബോധം വളരുവാൻ ഇസ്‌ലാമിക മത വിശ്വാസം സഹായിച്ചിട്ടുണ്ട്. 16ാം ശതകത്തിൽ യൂറോപ്പിൽ വികസിച്ചുവന്ന ദേശീയബോധവും ഏറെക്കുറെ ക്രൈസ്തവ മതത്തെ ആശ്രയിച്ചുള്ളതായിരുന്നു. പൊതുവായ മതമോ ഭാഷയോ വംശപാരമ്പര്യമോ ഇല്ലാത്ത രാഷ്ട്രങ്ങളിലും ഒരു പൊതു സാംസ്കാരിക പാരമ്പര്യം ഉണ്ടെങ്കിൽ ദേശീയബോധം വളരും. ജനങ്ങളുടെയിടയിൽ പൊതുവായ രാഷ്ട്രീയലക്ഷ്യം ഉണ്ടെങ്കിലും അവിടെ ദേശീയ ബോധം ഉടലെടുക്കും. വിഭിന്ന വർഗക്കാരും വിവിധ മതക്കാരും

> ഇന്ത്യയിൽ വിവിധ നൂറ്റാണ്ടുകളിലായി വിവിധയിടങ്ങളിൽ ഭരണം നടത്തിയ എല്ലാ മുസ്‌ലിം നാമധാരികളും പൊതുവായി ചെയ്ത ഒരേയൊരു കാര്യം ഇവിടുത്തെ ഹിന്ദുക്കളെ കൊന്നൊടുക്കുകയും ക്ഷേത്രങ്ങൾ തകർക്കുകയും ഈ നാടിന്റെ പാരമ്പര്യ ശേഷിപ്പുകളെ നാമാവശേഷമാക്കുകയുമാണ് എന്ന് ചിലർ പ്രചരിപ്പിച്ചു. സവർണ ഹിന്ദുക്കളുടെ സാമൂഹ്യഭീതിയിൽ നിന്നാവിർഭവിച്ച പ്രത്യേകതരം വിദ്വേഷം പിൽക്കാലത്ത് കൃത്രിമമായ ചരിത്രനിർമാണത്തോളം വികസിച്ചു.

വിവിധ ഭാഷക്കാരും നിവസിക്കുന്ന സ്വിറ്റ്സർലൻഡ്, ഇന്ത്യ തുടങ്ങിയ രാഷ്ട്രങ്ങളിലും ശക്തമായ ദേശീയബോധം നിലവിലുണ്ട്. പൊതുവായ സാംസ്കാരിക പാരമ്പര്യമാണ് ഇതിനു സഹായിച്ചത്. ബ്രിട്ടിഷ് മേധാവിത്വത്തിനെതിരെ രാഷ്ട്രീയസ്വാതന്ത്ര്യം നേടുക എന്ന പൊതുലക്ഷ്യം ഇന്ത്യയിലെ ദേശീയബോധത്തിന്റെ വളർച്ചയെ ഉത്തേജിപ്പിച്ചു... ദേശീയബോധത്താൽ സംയോജിപ്പിക്കപ്പെടുന്ന ഒരു രാഷ്ട്രത്തെ 'ദേശീയരാഷ്ട്രം' (Nation) എന്നു വിളിക്കാം... ദേശീയബോധത്താൽ പ്രേരിതമായ രാഷ്ട്രങ്ങൾ തമ്മിൽ ക്രിയാത്മകമായ മത്സരങ്ങളിൽ ഏർപ്പെടുക പതിവാണ്. ചിലപ്പോഴൊക്കെ ഇത്തരം മത്സരങ്ങൾ യുദ്ധത്തിൽ കലാശിക്കുന്നു..." (വിക്കീപീഡിയ).

ഇപ്പറഞ്ഞതിൽ 'പൊതുവായ സാംസ്കാരിക പാരമ്പര്യത്താൽ' ഉണ്ടാകുന്ന ദേശീയബോധത്തെ തമസ്കരിക്കുകയും അപഹസിക്കുകയും ഒരേ വംശക്കാരും (ഹൈന്ദവർ) ഒരേ ഭാഷക്കാരും (ഹിന്ദി) ആയിരുന്നാൽ ഉണ്ടാകുന്ന ദേശീയബോധത്തെ മഹത്തായതായി കണ്ടുകൊണ്ട് അത് നടപ്പിലാക്കാൻ ഭരണകൂടം ശ്രമിക്കുന്നതുമായ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

1985 ഏപ്രിൽ 23ന് ഷാബാനു ബീഗം കേസിലെ അന്തിമവിധി പ്രസ്താവിക്കുന്നതിനിടയിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കണമെന്ന നിർദേശം സുപ്രീം കോടതിയിൽനിന്നുമുണ്ടായപ്പോൾ ഈ നിർദേശം സ്വാഭാവികമായും ഹിന്ദുത്വവാദികൾ ഏറ്റെടുത്തു. ഇസ്‌ലാമിക വ്യക്തി നിയമങ്ങളിൽ ലിംഗ സമത്വമില്ല, ഇന്ത്യൻ മുസ്‌ലിംകൾ ദേശീയതയിൽനിന്ന് അകന്നുകഴിയുന്നവരാണ് എന്നെല്ലാം പ്രചരിപ്പിക്കാൻ തുടങ്ങി.

അങ്ങനെ കടുത്ത ദേശീയവാദിക്കുള്ളിലെ സാധാരണ മനസ്സ് ചലിക്കുകയും ചിന്തിക്കുകയും ചെയ്യുന്നത് ഇസ്‌ലാമിനോടുള്ള ഭീതിയുടെ പ്രേരണ കൊണ്ടായി മാറി. ഹിന്ദുത്വവാദത്തോട് ഇന്ത്യൻ ദേശീയതയുടെ തീവ്രതയെ ബന്ധിപ്പിച്ച് നിർത്തുന്നവർ ഇസ്‌ലാംഭീതിയുടെ തത്വശാസ്ത്രത്തെ അവലംബിക്കാൻ തുടങ്ങി.

"നിങ്ങൾ ദേശീയവാദിയാണെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഹിന്ദുവാകാതിരിക്കാനോ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഹിംസിക്കാതിരിക്കാനോ കഴിയില്ലെന്നുള്ള" ഒരാശയം നേരത്തെ തന്നെ സംഘപരിവാർ ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ട്. ഈ പ്രചാരണം ഇന്ത്യൻ സമൂഹത്തെ ചില ഘട്ടങ്ങളിലെങ്കിലും സ്വാധീനിക്കുകയും വഴിതെറ്റിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം മതനിരപേക്ഷമായ ദേശീയതയുടെ യഥാർഥ ധാരയോട് ആശയപരമായി സംവദിക്കാനാവാതെ ഭീതിയുടെ ബീജങ്ങൾ പേറുന്ന കപടദേശീയത ചില ഘട്ടങ്ങളിൽ പിന്തിരിഞ്ഞ് പോയിട്ടുമുണ്ട്.

ഹിന്ദുത്വവാദികൾ വിഭാവനം ചെയ്തെടുത്ത ദേശീയത യഥാർഥ ദേശീയതയുമായി പ്രതിവർത്തിക്കുന്ന ചില തലങ്ങളുണ്ട്. ഒന്നാമതായി ഹിന്ദുത്വ ദേശീയത ഇസ്‌ലാം മതത്തോടും മുസ്‌ലിം സാമൂഹികതയോടുമുള്ള വിദ്വേഷത്തെ താത്വികവൽകരിക്കുന്നു. രണ്ടാമതായി ഹിന്ദുത്വ ദേശീയത ദുർബലമായ വൈകാരികതയെ അവലംബിക്കുന്നു. മൂന്നാമതായി അത് സമൂഹത്തിന്റെ ശാക്തീകരണത്തിനുപകരം ശിഥിലീകരണം ലക്ഷ്യമാക്കുന്നു. എന്നാൽ യഥാർഥ ദേശീയതയാവട്ടെ ഒരു മതത്തോടുമുള്ള ആഭിമുഖ്യമോ വിയോജിപ്പോ താത്വികമായി എടുക്കുന്നില്ല. തന്നെയുമല്ല ശക്തമായ യാഥാർഥ്യബോധ

ത്തോടെ ദുർബല വൈകാരികതകളെ തീർത്തും മാറ്റിവെച്ചുകൊണ്ട് സമൂഹത്തെ കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. അതോടുകൂടി ത്തന്നെ സമൂഹത്തെ എല്ലാതരം ശിഥിലീകരണ ചിന്തകൾക്കുമതീതമായി ഏകോപിപ്പിക്കുകയും ചെയ്യുന്നു. അതാണ് 'വിഭിന്ന വർഗക്കാരും വിവിധ മതക്കാരും വിവിധ ഭാഷക്കാരും നിവസിക്കുന്ന' രാജ്യത്തെ ദേശീയബോധത്തിന്റെ സവിശേഷത.

ഏതുകാലഘട്ടത്തിലും ഇസ്‌ലാമിനെക്കുറിച്ചുള്ള ഭീതി വ്യാപിപ്പിക്കുന്നതിൽ തെറ്റായ ചരിത്രം സുപ്രധാന ഉപാധിയായി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. വിഭജനാനന്തര ഘട്ടത്തിൽ ഹിന്ദുത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടഴിച്ചുവിട്ട ചരിത്രത്തിന്റെ മുഖംമൂടിയണിയിക്കപ്പെട്ട നുണകൾ പ്രധാനമായും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറ്റാരോപണ വിധേയമാക്കുന്നവയായിരുന്നു. അത്തരം കുറ്റാരോപണങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടുകളിലെ മുസ്‌ലിം ഭരണകർത്താക്കൾ, സുൽത്താന്മാർ, വിവിധ നാട്ടുരാജ്യങ്ങളിൽ ഭരണം നടത്തിയ മുസ്‌ലിം ഭരണാധികാരികൾ എന്നിവരുമായൊക്കെ ബന്ധപ്പെടുത്തിയുള്ള പല കഥകളും ഉണ്ടായിരുന്നു. ഇന്ത്യയിൽ വിവിധ നൂറ്റാണ്ടുകളിലായി വിവിധയിടങ്ങളിൽ ഭരണം നടത്തിയ എല്ലാ മുസ്‌ലിം നാമധാരികളും പൊതുവായി ചെയ്ത ഒരേയൊരു കാര്യം ഇവിടുത്തെ ഹിന്ദുക്കളെ കൊന്നൊടുക്കുകയും ക്ഷേത്രങ്ങൾ തകർക്കുകയും ഈ നാടിന്റെ പാരമ്പര്യ ശേഷിപ്പുകളെ നാമാവശേഷമാക്കുകയുമാണ് എന്ന് ചിലർ പ്രചരിപ്പിച്ചു. സവർണ ഹിന്ദുക്കളുടെ സാമൂഹ്യഭീതിയിൽ നിന്നാവിർഭവിച്ച പ്രത്യേകതരം വിദ്വേഷം പിൽക്കാലത്ത് കൃത്രിമമായ ചരിത്രനിർമാണത്തോളം വികസിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ ദേശീയതയുടെ മറപിടിച്ചു വളർന്നുവന്ന മതവിദ്വേഷം കൃത്രിമ കഥകളുടെയും ഊഹാപോഹങ്ങളുടെയും വിതരണത്തിന് സുഗമമായ പശ്ചാത്തലമായിത്തീർന്നു.

ദേശീയവാദത്തിന്റെ മറപിടിച്ചാണ് വിഭജനം എന്ന ആശയം ചർച്ച ചെയ്യപ്പെട്ടു തുടങ്ങുന്നത്. പിൽക്കാലത്ത് കടുത്ത ദേശീയവാദികൾ കടുത്തവിഭജന വിരോധികളായി വേഷപ്പകർച്ചനേടുന്നത് ഇന്ത്യാചരിത്രത്തിൽ കാണാനിടയായെങ്കിലും യഥാർഥത്തിൽ വിഭജനവാദത്തിന്റെ ഉൽഭവം കടുത്ത ദേശീയവാദികളുടെ അഥവാ ഹൈന്ദവ സാംസ്കാരിക ദേശീയവാദികളുടെ തലച്ചോറിൽനിന്നുമായിരുന്നു



വെന്നതും വസ്തുത മാത്രം.

ഹിന്ദുത്വരാഷ്ട്രീയം അതിന്റെ തുറുപ്പുചീട്ടായി കണ്ടെത്തിയ വിഭജനവാദം ഇസ്‌ലാം ഭീതിയുടെ ഊർജമാണ് ഉപയോഗപ്പെടുത്തിയത്. 1920കളിൽ പ്രചരിപ്പിച്ചിരുന്ന ചില കാര്യങ്ങൾ ഇപ്രകാരമായിരുന്നു: 'പതിനായിരക്കണക്കിനു വർഷങ്ങൾ പഴക്കമുള്ള ഇന്ത്യയുടെ സംസ്കാരത്തെയും അതിന്റെ ശേഷിപ്പുകളെയും തകർത്തത് 1000 വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിലെത്തിയ മുസ്‌ലിംകളായിരുന്നു. മുസ്‌ലിംകൾ ഇവിടെ വാളും ഭീഷണിയും ഉപയോഗിച്ചാണ് ഭരണംനേടിയതും സവർണർ ഉൾപ്പെടുന്ന ഇന്ത്യക്കാരെ ഒതുക്കി നിർത്തിയിരുന്നതും. അത്യധികം അപകടകരവും ഭീതിയുണർത്തുന്നതുമായ ഒരു തത്ത്വശാസ്ത്രമാണ് ഇസ്‌ലാം. അത് കടുത്ത അക്രമവാസനയും ഹിംസയും വളർത്തുന്ന മതമാണ്. ഇന്ത്യയിൽ നിന്ന് മുസ്‌ലിംകളെ നാടുകടത്താതെ ഇവിടെ ആർക്കും സ്വസ്ഥജീവിതം സാധ്യമേയല്ല."

വർത്തമാനകാലത്ത് ഈ പ്രചാരണത്തിന് കൊഴുപ്പേറിക്കൊണ്ടിരിക്കുന്നത് നാം കാണുകയാണ്. അതിലൂടെ ഇസ്‌ലാമോഫോബിയയെ ആളിക്കത്തിക്കുകയാണ് തീവ്രഹിന്ദുത്വവാദികൾ ചെയ്യുന്നത്. അതിന്റെ ദാരുണമായ അനന്തരഫലം ഉത്തരേന്ത്യൻ മുസ്‌ലിംകൾ അനുഭവിച്ചുകൊണ്ടേരിക്കുന്നു.

ഇന്ത്യൻ ദേശീയത എന്നു പറഞ്ഞാൽ അത് ഹിന്ദു ദേശീയതയാണെന്നും അതിന് പതിനായിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുണ്ടെന്നും പറയുന്നവരുടെ വാദത്തെയാണ് എം.ജി. എസ് നാരായണൻ ഖണ്ഡിച്ചിരിക്കുന്നത്.

സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന സാമൂഹ്യവിഭജനങ്ങളും ചാതുർവർണ്യ-ജാതിവ്യവസ്ഥയും ജനങ്ങൾക്കിടയിൽ ആഴമേറിയ ഭിന്നിപ്പുണ്ടാക്കി എന്നതല്ലാതെ ഹിന്ദുക്കളെ ഒരു ദേശീയതയുടെ കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല എന്നതാണ് ചരിത്രം പറയുന്നത്. ഈ അനൈക്യമാണ് നിരന്തരമായ വൈദേശികാക്രമണങ്ങൾക്ക് നിമിത്തമായത്. ഇത്തരം ആക്രമണങ്ങളെ 'പതിനായിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുള്ള' ദേശീയ ചിന്തക്ക് പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ടോ? ഇല്ല, എന്നു മാത്രമല്ല രാജ്യത്തിനകത്തുനിന്നും ആക്രമണകാരികൾക്ക് പിന്തുണയും സഹായവും നൽകാൻ ആളുണ്ടായി എന്നതാണ് വസ്തുത. രജപുത്ര രാജാവായ പൃഥ്വിരാജിനെതിരെ യുദ്ധം ചെയ്യാൻ മുഹമ്മദ് ഗോറിയെ ക്ഷണിച്ചുവരുത്തിയത് മറ്റൊരു ഹിന്ദുരാജാവായ ജയചന്ദ് ആയിരുന്നു! 'ഹിന്ദുക്കളുടെ മോചന'ത്തിനുവേണ്ടി ശിവജി യുദ്ധം ചെയ്തപ്പോൾ മുഗൾ ചക്രവർത്തിമാരുടെ പക്ഷത്താണ് മഹാരാഷ്ട്രയിലെ രജപുത്രരാജാക്കന്മാർ നിലകൊണ്ടത്! ഇത്തരം ചരിത്ര സത്യങ്ങൾ ഹിന്ദു ദേശീയതയെ പ്രതിക്കൂട്ടിൽ നിർത്തുമ്പോൾ എം.ജി.എസ്സിന്റെ നിരീക്ഷണങ്ങൾ നിത്യപ്രസക്തമാവുകയാണ്.

ഇന്ത്യയിലെ വർഗീയവാദത്തിന്റെ വക്താക്കൾ സൃഷ്ടിച്ചുവിടുന്ന പ്രശ്നങ്ങൾ ഇന്ത്യയുടെ മുറിപ്പാടുകളെ അവയുടെ പൊള്ളുന്ന വേദനകളോടെ നിലനിർത്തുവാനുള്ള കുൽസിതയത്നങ്ങളുടെ ഭാഗമാണ്. മുസ്‌ലിം ജനസമൂഹത്തെ എക്കാലത്തും സംശയത്തിന്റെ കുന്തമുനകളിൽ തറപ്പിച്ചുനിർത്തി നാടിന്റെ ശാന്തിയെയും സമാധാനത്തെയും തുരങ്കംവെക്കുവാൻ ചില ദുശ്ശക്തികൾ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് കാണാം. മുസ്‌ലിംകൾ ക്രൂരമാംവിധത്തിൽ ആരോപണങ്ങൾകൊണ്ട് ആക്രമിക്കപ്പെടുന്നു.

ഹൈന്ദവ വർഗീയതയിലധിഷ്ഠിതമായ ദേശീയവാദവുമായി മുന്നോട്ടുപോകുന്ന ആർ.എസ്.എസ് സർക്കാറാണ് വാസ്തവത്തിൽ ഇപ്പോൾ ഇന്ത്യയിൽ അധികാരത്തിലുള്ളത്. 2000ൽ കേന്ദ്രത്തിൽ എൻ.ഡി.എ സർക്കാർ അധികാരത്തിൽ വന്നപ്പോൾ, ലക്നൗവിൽ ചേർന്ന സന്ന്യാസി സംസദ്, സംവരണം റദ്ദ് ചെയ്യാൻ ഭരണഘടനയെ മനുസ്മൃതിയുടെ നിർദേശങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതനുസരിച്ച് ഭരണഘടന ഭേദഗതി ചെയ്യാനും ഹിന്ദുരാഷ്ട്ര സങ്കൽപമനുസരിച്ച് ഭരണഘടനയെ മാറ്റിമറിക്കാനും ശ്രമമുണ്ടായി. ഈ ശ്രമത്തിനെതിരെ 2000 ജനുവരി 29ന് കാൻഷിറാം ഡൽഹിയിൽ വിളിച്ചുചേർത്ത പത്ര സമ്മേനത്തിൽ 'ഏതുഭാഗമാണ് പരിഷ്കരണം ആവശ്യപ്പെടുന്നതെന്നും എന്തുകൊണ്ട് അത് അനിവാര്യമാണെന്നും' പ്രധാനമന്ത്രി വാജ്പേയിയോട ചോദിച്ചു. മാത്രമല്ല ഈ നീക്കത്തിനെതിരെ അതിശക്തമായ പ്രചാരണം നടത്തി. ഏഴു ലക്ഷം പേർ അണിനിരന്ന റാലിക്ക് ഡൽഹി സാക്ഷ്യം വഹിച്ചു. അതോടെ ഭരണഘടന പുനരവലോകന തീരുമാനം ഗവൺമെന്റിന് ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ ആ ലക്ഷ്യത്തിൽനിന്ന് അവർ പിൻമാറിയിട്ടൊന്നുമില്ല.

> ഒരു ദേശത്തു താമസിക്കുന്നവർക്ക് സ്വാഭാവികമായും ആ ദേശത്തോട് സ്നേഹമുണ്ടായിരിക്കും. എന്നാൽ ദേശമെന്നതും ദേശീയതയെന്നതും ദേശസ്നേഹമെന്നതും ഏതെങ്കിലും മതത്തോടും ആ മതത്തിന്റെ സംസ്കാരത്തോടും ആ മതതത്ത്വങ്ങളോടുമുള്ള ഭ്രാന്തമായ അഭിനിവേശമാണെന്ന് അംഗീകരിക്കാൻ ഇന്ത്യയുടെ മണ്ണിൽ പിറന്ന, ഇന്ത്യയെന്ന മാതൃരാജ്യത്തെ യഥാർഥത്തിൽ സ്നേഹിക്കുന്ന ഒരാൾക്കും സാധ്യമല്ല. എം.ജി.എസ് പറഞ്ഞതുപോലെ രാജ്യസ്നേഹത്തിന്റെ ലക്ഷ്യം ഹിന്ദുത്വത്തെ അംഗീകരിക്കലാണെന്ന മട്ടിൽ വരെ എത്തിയിരിക്കുന്നു. അതിന്റെ ഭാഗമായാണ് തങ്ങൾക്ക് അനിഷ്ടകരമായത് ചെയ്യുന്നവരോട് ഇന്ത്യവിടാൻ ചില തൽപരകക്ഷികൾ കൽപിക്കുന്നതും അവരുടെ ദേശസ്നേഹത്തെ ചോദ്യം ചെയ്യുന്നതും.

ഒരു ദേശത്തു താമസിക്കുന്നവർക്ക് സ്വാഭാവികമായും ആ ദേശത്തോട് സ്നേഹമുണ്ടായിരിക്കും. എന്നാൽ ദേശമെന്നതും ദേശീയതയെന്നതും ദേശസ്നേഹമെന്നതും ഏതെങ്കിലും മതത്തോടും ആ മതത്തിന്റെ സംസ്കാരത്തോടും ആ മതതത്ത്വങ്ങളോടുമുള്ള ഭ്രാന്തമായ അഭിനിവേശമാണെന്ന് അംഗീകരിക്കാൻ ഇന്ത്യയുടെ മണ്ണിൽ പിറന്ന, ഇന്ത്യയെന്ന മാതൃരാജ്യത്തെ യഥാർഥത്തിൽ സ്നേഹിക്കുന്ന ഒരാൾക്കും സാധ്യമല്ല. എം.ജി.എസ് പറഞ്ഞതുപോലെ രാജ്യസ്നേഹത്തിന്റെ ലക്ഷ്യം ഹിന്ദുത്വത്തെ അംഗീകരിക്കലാണെന്ന മട്ടിൽ വരെ എത്തിയിരിക്കുന്നു. അതിന്റെ ഭാഗമായാണ് തങ്ങൾക്ക് അനിഷ്ടകരമായത് ചെയ്യുന്നവരോട് ഇന്ത്യവിടാൻ ചില തൽപരകക്ഷികൾ കൽപിക്കുന്നതും അവരുടെ ദേശസ്നേഹത്തെ ചോദ്യം ചെയ്യുന്നതും. ■





ഫാത്വിമ സുഹൈറ ബി.കെ.

# ഗുൽമോഹർ പൂക്കൾ ഓർമിപ്പിക്കുന്നത്

ഇക്കാ, ഞാൻ ഹസിമോളുടെ കല്യാണത്തിന് പോരുന്നില്ല” ഫാത്വിമയുടെ ആശങ്കയും വിഷമവും നിറഞ്ഞ സ്വരം കേട്ട് ആസിഫ് ഞെട്ടിത്തരിച്ചു.

“എന്ത്? നിന്റെ പ്രിയപ്പെട്ട കൂട്ടുകാരിയാണല്ലോ ഹസീന. എന്റെ മൂത്തമ്മാടെ മോളാണെങ്കിലും നിന്നോടുള്ള ബന്ധം എന്റെ പെങ്ങൻമാരോട് പോലും അവൾ കാണിക്കുന്നത് ഞാൻ കണ്ടിട്ടില്ല! നിനക്കും അവൾ എത്ര പ്രിയപ്പെട്ടതാണെന്ന് എനിക്കറിയാം. എന്നിട്ടും എന്താ ഇങ്ങനെയൊക്കെ തോന്നാൻ?”

ഫാത്വിമയുടെ മുഖം വിവർണമായി. അവൾ എന്തിനോ വീർപ്പുമുട്ടി. മുഖം ചുവന്നു. കണ്ണിൽ നിറഞ്ഞ കണ്ണീർകണങ്ങൾ താഴെ വീഴാതിരിക്കാൻ അവൾ ചുണ്ട് കടിച്ചു. തന്റെ പ്രിയപ്പെട്ടവൾക്ക് തന്നോട് എന്തോ ഒന്ന് പറയാനുണ്ടെന്ന് ആസിഫിന് മനസ്സിലായി.

തന്റെ പ്രിയതമ പിജിക്ക് പഠിക്കുമ്പോഴാണ് അവളെ താൻ ജീവിതസഖിയാക്കിയത്. അവളുടെ വീട്ടുകാർക്ക് ഒരൊറ്റ ആവശ്യമേ ഉണ്ടായിരുന്നുള്ളൂ; മോളുടെ പഠനം മുടക്കരുത്. താൻ അവളുടെ എല്ലാ കാര്യങ്ങളും തനിക്ക് കഴിയുംപോലെ ഭംഗിയായി ചെയ്തു; പ്രത്യേകിച്ചും പഠനകാര്യങ്ങൾ.

അവൾ വളരെ പെട്ടെന്നുതന്നെ തന്റെ വീടും വീട്ടുകാരുമായി പൊരുത്തപ്പെട്ടു. രാവിലെ 3.30ന് എണീറ്റ് തഹജ്ജുദ് നമസ്കാരം നിർവഹിച്ചശേഷം അവൾ വായനാലോകത്തേക്ക് കയറും. സുബ്ഹി വരെ അവൾ ഇംഗ്ലീഷ് ലിറ്ററേച്ചറിൽ നീന്തിത്തുടിക്കും. അതിനുശേഷം വീട്ടുജോലികളെല്ലാം വേഗത്തിൽ ചെയ്തു തീർത്തിട്ട് അവൾ കോളേജിലേക്ക് പോകുമായിരുന്നു. എല്ലാവർക്കും അവളെപ്പറ്റി നല്ലത് മാത്രമെ പറയാനുണ്ടായിരുന്നുള്ളൂ. അവൾ എല്ലാവരുമായി വേഗം കൂട്ടുകൂടി; പ്രത്യേകിച്ചും മൂത്തമ്മയുടെ മകൾ ഹസീനയോട്. അവൾക്കും ഇംഗ്ലീഷിൽ തന്നെയായിരുന്നു ബിരുദം.

ഒരുപക്ഷേ, കുടുംബ ബന്ധത്തെക്കാൾ അതായിരിക്കും അവരെ ഒന്നിപ്പിച്ചത്. കുടുംബത്തിലെ ഏതൊരു പരിപാടിക്കും ഹസീനയും ഫാത്വിമയുമായിരുന്നു മിന്നും താരങ്ങൾ. ആ ഹസീനയുടെ കല്യാണമാണ് അടുത്തയാഴ്ച. നാളെ എല്ലാവരും മൂത്തമ്മയുടെ വീട്ടിലേക്ക് പോകാനിരിക്കുകയാണ്. അതിനിടയിലാണ് ഫാത്വിമയുടെ ഈ പ്രസ്താവന.

“എന്താ നിനക്ക് പറ്റിയത്? നീ കരയാതെ കാര്യം പറയൂ എന്റെ പാത്തൂ.”

ആസിഫ് അവളുടെ താടി പിടിച്ചുയർത്തി. അവൾ ഒന്നും പറയാതെ കണ്ണടച്ചു. കണ്ണീർ ധാരധാരയായി അവളുടെ കവിളിലൂടെ ഒഴുകി. ആസിഫിനും വിഷമമായി.

“നീ ആളെ ബേജാറാക്കാതെ കാര്യം പറയൂ.”

“അത്...ഇക്കാ, ഞാൻ വരണില്ല... അത്രതന്നെ!”

“അതെന്താ ഇപ്പൊ അങ്ങനെ ഒരു തോന്നൽ? ഇതുവരെ അങ്ങനെയായിരുന്നില്ലല്ലോ. ആ, ഞാൻ പറയാൻ വിട്ടതാ. ലിബാസ് ബ്യൂട്ടിക്കിൽനിന്നും വിളിച്ചിരുന്നു. നിന്റെ പർപ്പിൾ ചുരിദാർ റെഡിയായിട്ടുണ്ട് എന്നു പറഞ്ഞു. നിങ്ങളുടെ ഡ്രസ്സ് കോഡാണല്ലോ പർപ്പിൾകളർ. പിന്നെ നിനക്ക്...”

“അതൊന്നുമല്ല ഇക്കാ; ഞാൻ വരുന്നില്ല” അവൾ ആസിഫിനെ മുഴുപ്പിക്കാൻ സമ്മതിച്ചില്ല

“പിന്നെ നീ കല്യാണത്തിന് വരാതെ എവിടെ പോകുന്നു?” ആസിഫിന്റെ ശബ്ദം ഉയർന്നു

ആ സ്വരമാറ്റത്തിൽ അവൾ ഒന്നു പകച്ചു. പണിപ്പെട്ട് നിയന്ത്രിച്ച അവളുടെ ഗദ്ഗദം ഒരു പൊട്ടിക്കരച്ചി ലായി അവിടമാകെ വീണുടഞ്ഞു. അതോടെ ആസിഫ് സങ്കടത്തിലായി. അയാൾ സമാധാനിപ്പിക്കാനായി അവളെ ചേർത്തുനിർത്തി. സോഫയിൽ പിടിച്ചിരുത്തി.

“ഞാനൊന്നും പറയുന്നില്ല, ചോദിക്കുന്നില്ല. പക്ഷേ, എനിക്കറിയണം എന്താ നിന്റെയീ പിന്മാറ്റത്തിനും വിഷമത്തിനുമുള്ള കാരണം എന്ന്. നിനക്ക് പറ്റുമെങ്കിൽ പറയൂ; എന്നെ തീ തീറ്റിക്കാതെ.”

“അത്...ഇക്കാ, ഞാൻ ലിസ്റ്റിൽ വന്നിട്ടില്ല” അതും പറഞ്ഞ് അവൾ പൊട്ടിക്കരഞ്ഞു.

“ലിസ്റ്റോ? ഏത് ലിസ്റ്റ്? പിഎസ്‌സി ലിസ്റ്റാണോ? അതിനെന്താ, പിഎസ്‌സി ലിസ്റ്റിൽ കയറുന്നതാണോ അത്ര വലിയ കാര്യം? ഞാൻ നിന്നോട് എപ്പോഴും പറയാറുണ്ട്; കഴിഞ്ഞുപോയതിനെ കുറിച്ച് ആലോചിച്ച് മനസ്സ് പുണ്ണാക്കരുത് എന്ന്. നീയെന്തിനാ മറ്റുള്ളവരുടെ വാക്കുകൾക്ക് ഇത്ര പ്രാധാന്യം കൊടുക്കുന്നത്? അവരാണോ നിന്നെ പഠിപ്പിക്കുന്നത്? ഒന്ന് പോകാൻ പറ അവരോട്...”

“അല്ല ഇക്കാ, ആ സുമി അമ്മായിയും റംല എളാമ്മയും എപ്പോഴും എന്നെ കാണുമ്പോൾ ആദ്യം ചോദിക്കുന്നത് പരീക്ഷയുടെയും റിസൾട്ടിന്റെയും കാര്യമാണ്. പിന്നെ ഹസിമോളുടെ അമ്മായി എന്നെ കാണുമ്പോൾ പറയും, ആസിഫിക്കയുടെ പണം പോകാനുള്ള നല്ലൊരു വഴിയാണ് എന്റെ പഠനം എന്ന്. പെൺകുട്ടികൾ കല്യാണം കഴിഞ്ഞാൽ വീട്ടുകാര്യങ്ങൾ വൃത്തിയിലും ഭംഗിയിലും കൊണ്ടുനടക്കണം. അല്ലാതെ പഠനം, പരീക്ഷ എന്നൊക്കെ പറഞ്ഞു പായലല്ല എന്നൊക്കെ ആ കദീസുമ്മു താത്ത എന്നെ കാണുമ്പോൾ പറയും. അപ്പോ തുടങ്ങും മൂപ്പത്തിടെ മരുമോൾ ‘ഫാത്തിമക്ക് നെറ്റ് അല്ല ജെ.ആർ.എഫ് തന്നെയാണ് കിട്ടിയത്’ എന്ന്. അതുവരെ മിണ്ടാതിരുന്ന മൂത്തമ്മ ഉമ്മാനെ നോക്കി ഒരു ചിരിയോടെ പറയും; ‘നമ്മളൊക്കെ പഠിച്ചിട്ടാ? ആസിഫിന്റെ അടുത്ത് പൂത്ത കാശുണ്ട് ഇവൾക്ക് വേണ്ടി ചെലവാക്കാൻ! എന്നാലോ ഇവൾ ഇന്നേവരെ ഒരു ചില്ലിക്കാശ് പോലും സമ്പാദിച്ചിട്ടുണ്ടോ’ എന്നൊക്കെ. അപ്പോ അതിനെയൊക്കെ ശരിവെക്കും വിധത്തിൽ ‘ഞാനെന്തു

പറയാനാ ന്റെ ആയിശാന്ന്' നിങ്ങളുടെ ഉമ്മയും പറയും. ഇങ്ങനെ എല്ലാവർക്കും മുന്നിലും കോമാളിയാവാൻ ഇനി ഞാൻ നിൽക്കില്ല; ഞാൻ കല്യാണത്തിന് പോരുന്നില്ല.''

ഇതും പറഞ്ഞ് ഫാത്വിമ കിടക്കയിലേക്ക് ഓടി തലയിണയിൽ മുഖം അമർത്തി പൊട്ടിക്കരഞ്ഞു. പാവം! എന്തു പറഞ്ഞ് ഇവളെ ഞാൻ ആശ്വസിപ്പിക്കും? ആസിഫ് ധർമസങ്കടത്തിലായി.

****************************************

''അവൾ നല്ല ബ്രൈറ്റാണ് ട്ടോ, നന്നായി എഴുതും. പ്രത്യേകിച്ച് അവളുടെ കവിതകൾ നല്ല നിലവാരം പുലർത്തുന്നതാണ്.''

കഴിഞ്ഞ പ്രാവശ്യം അവളുടെ സരിത മിസ്സിനെ കണ്ടപ്പോൾ അവർ പറഞ്ഞതാണ് ഇക്കാര്യം.

''അതെല്ലാം കൂടി പബ്ലിഷ് ചെയ്യാൻ പറഞ്ഞിട്ട് അവൾ കേൾക്കുന്നില്ല. അവൾക്ക് ലജ്ജയാണത്രേ! നാട്ടുകാർ എന്തു പറയും, കൂട്ടുകാർ എന്തു പറയും, കുടുംബക്കാർ എന്തു പറയും എന്നൊക്കെ നോക്കി നിൽക്കുവാ അവൾ.''

സരിതാ മിസ്സ് ഗവൺമെന്റ് പ്രൊവിഡൻസി കോളേജിലെ ഇംഗ്ലീഷ് വിഭാഗം മേധാവിയാണ്.

''അവൾ ജോലിക്കൊന്നും നോക്കുന്നില്ലേ?''

''ഇല്ല. ക്യാഷ് കൊടുത്ത് ജോലി വാങ്ങാൻ താൽപര്യമില്ലെന്നാണ് അവൾ പറയുന്നത്; പിഎസ്സിക്ക് നോക്കുന്നുണ്ട്.''

''ങ്ആ ശരിയാ, അതാണു നല്ലത്. 15 വർഷത്തിനുശേഷമാണ് എച്ച്എസ്എസ്ടി വിളിക്കുന്നത്. അവൾക്ക് എന്തായാലും കിട്ടും. അവളോട് ഒന്ന് ആഞ്ഞുപിടിക്കാൻ പറയൂ.''

ഇന്നലെയായിരുന്നു എച്ച്എസ്എസ്ടി എക്സാം. വളരെ ഉത്സാഹത്തോടെയാണ് അവൾ എക്സാം സെന്ററിൽ എത്തിയത്. താൻ അവിടെയുള്ള സിമന്റ് ബെഞ്ചിൽ അവളുടെ പരീക്ഷ കഴിയുംവരെ കാത്തിരുന്നു.

(തുടരും)



കുഞ്ഞി മുഹമ്മദ് മൗലവി
നെല്ലിക്കാപറമ്പ്

# കുഞ്ഞുങ്ങളോട്



ഉയരണം നിങ്ങൾ
വളരണം നിങ്ങൾ
ഉയർന്ന മാർക്കോടെ
ജയിക്കണം നിങ്ങൾ.
അറിവു നേടണം
മികവു കാട്ടണം
അധർമ ചിന്തകൾ
തുടച്ചു നീക്കണം.
പടച്ച റബ്ബിനെ
കുറിച്ചറിയണം
അവന്റെ ദീനിനെ
മനസ്സിലാക്കണം.
അലസതയൊട്ടും
കാണിച്ചിടല്ലാരും
സത്യത്തിൻ പാതയിൽ
അണിനിരക്കണം.
സമയത്തിൻ വില
തിരിച്ചറിയണം
അതു പാഴാക്കല്ലേ
തിരിച്ചു കിട്ടില്ല.
മനുഷ്യരേവർക്കും
ഗുണങ്ങൾ ചെയ്യണം
മനസ്സിലീമാന്റെ
വെളിച്ചമേന്തണം.



ഡോ. ടി. കെ. യൂസുഫ്
: 9349798262

# ക്വുർആൻ കഥകളിലെ ദൃഷ്ടാന്തങ്ങൾ

'നിനക്ക് ഈ ക്വുർആൻ ബോധനം നൽകിയതുവഴി ഏറ്റവും നല്ല ചരിത്ര വിവരണങ്ങളാണ് നാം നിനക്ക് നൽകിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും ഇതിനുമുമ്പ് നീ അതിനെപ്പറ്റി ബോധമില്ലാത്തവനായിരുന്നു" (ക്വുർആൻ 12:3).

സാഹിത്യ രംഗത്ത് കഥകൾ എക്കാലത്തും വലിയ പങ്ക് നിർവഹിച്ചിട്ടുണ്ട്. എന്നാൽ ക്വുർആൻ കഥകൾ സാഹിത്യമൂല്യങ്ങളിലുപരി ഏകദൈവവിശ്വാസം, മുന്നറിയിപ്പുകൾ, അക്രമികളുടെ പതനങ്ങൾ, ധാർമിക- സദാചാര നിയമങ്ങൾ തുടങ്ങി ഒട്ടേറെ വസ്തുതകൾ ഉൾകൊള്ളുന്ന ചരിത്ര യാഥാർഥ്യങ്ങളാണ്. ലോകത്ത് വിവിധ ജനവിഭാഗങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള കഥകളും ഇതിഹാസങ്ങളുമെല്ലാം  തന്നെ, കളിയും കാര്യവും സത്യവും മിഥ്യയും നിറഞ്ഞ, ചരിത്ര പിൻബലമില്ലാത്ത ഭാവനാസൃഷ്ടികൾ മാത്രമാണ്.

**ആധുനിക നിർവചനമനുസരിച്ച് ക്വുർആൻ കഥകളെ നമുക്ക് ചരിത്രകഥകളുടെയോ സംഭവ്യകഥകളുടെയോ ഗണത്തിൽ പെടുത്താവുന്നതാണ്. ഓറിയന്റലിസ്റ്റുകളായ നിരൂപകർ ക്വുർആൻ കഥകളെ കഥകളായി പരിഗണിക്കുന്നില്ല. കാരണം അവരുടെ നിർവചന പ്രകാരം ക്വുർആൻ പറയുന്ന കഥകൾ സ്ഥലകാലം വ്യക്തമായി വിവരിക്കുന്നില്ല. ഒരു സംഭവം എന്ന് നടന്നു, എപ്പോൾ നടന്നു എന്നതല്ല, അത് മനുഷ്യന് നൽകുന്ന ഗുണപാഠങ്ങൾക്കാണ് ക്വുർആൻ ഊന്നൽ നൽകുന്നത്. ഇക്കാര്യം ക്വുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്.**

قَصَص എന്ന അറബി പദത്തെ 'കഥകൾ' എന്ന് ഭാഷാന്തരം ചെയ്യാറുണ്ടെങ്കിലും അതിന്റെ ശരിയായ അർഥം സത്യസന്ധമായ ചരിത്രവിവരണം എന്നാണ്. ഭാവന, അതിശയോക്തി എന്നിവയ്ക്ക് അതിൽ ഒട്ടും സ്ഥാനമില്ല. ക്വുർആനിലെ കഥകൾ അനേകം ഗുണപാഠങ്ങൾകൂടി ഉൾകൊള്ളുന്നതാണ്. ആരംഭത്തിൽ സൂചിപ്പിച്ച ക്വുർആൻ വചനത്തെ തുടർന്ന് യൂസുഫ് നബി(അ)യുടെ ചരിത്ര കഥയാണ് നമുക്ക് വായിക്കാൻ കഴിയുന്നത്. മാനവിക മനഃശാസ്ത്രത്തിന്റെ പല തലങ്ങളും സ്പർശിക്കുന്ന ഈ ചരിത്ര കഥ എന്നും പഠനാർഹമാണ്.

കഥകളുടെ ആരംഭത്തെക്കുറിച്ച് പഠനം നടത്തുകയാണെങ്കിൽ അതിന് മാനവചരിത്രത്തോളം പഴക്കമുണ്ടെന്ന് കണ്ടെത്താനാകും. പൗരാണികരിലും ആധുനികരിലും പ്രാകൃതരിലും പരിഷ്കൃതരിലുമെല്ലാം ഭാഷ-ദേശ ഭേദമന്യെ കഥകൾ കാണപ്പെടുന്നുണ്ട്. ചരിത്രം എന്നത് ഒരുതരം കഥകളാണ്. എ ഡി ഒന്ന്, രണ്ട് നൂറ്റാണ്ടുകളിൽ ഗ്രീക്കിലും റോമിലുമാണ് ആദ്യമായി കഥകൾ കാണപ്പെട്ടിട്ടുള്ളത്. അറബികൾക്കിടയിൽ എന്നുമുതലാണ് കഥകൾ ഉണ്ടായതെന്ന് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ജാഹിലിയ്യ കാലത്ത് അവർ സാഹിത്യാസ്വാദനത്തിന്റെയും നിരൂപണത്തിന്റെയും കുലപതികളായിരുന്നു.

കഥകൾക്ക് പ്രധാനമായും നാലു ഘടകങ്ങളാണുള്ളത്. ഒന്ന് സംഭവമാണ്. ജനങ്ങൾക്ക് അറിയാൻ താൽപര്യമുള്ള ഒരു സംഭവമില്ലെങ്കിൽ പിന്നെ കഥകൾ ആരും വായിക്കുകയില്ല. വ്യക്തികൾ, സ്ഥല-കാലം, രൂപം എന്നിവയാണ് മറ്റു ഘടകങ്ങൾ. അതുപോലെ കഥക്ക് ഒരു ലക്ഷ്യവുമുണ്ടായിരിക്കണം. അതില്ലെങ്കിൽ അത് അനാവശ്യ സംസാരം മാത്രമായിരിക്കും. അതോടൊപ്പം സമൂഹത്തിന്റെ ഒരു പരിച്ഛേദമായും കഥകളെ പരിഗണിക്കാറുണ്ട്. സാഹിത്യത്തിന്റെ മറ്റു ഇനങ്ങളെ അപേക്ഷിച്ച് കഥകളാണ് സമൂഹത്തിന്റെ നേർചിത്രം ആവിഷ്കരിക്കുന്നത്. കേവലം ആസ്വാദനത്തിനുവേണ്ടി രചിക്കപ്പെടുന്ന കഥകൾ പോലും ധാരാളം ഗുണപാഠങ്ങൾ ഉൾകൊള്ളാറുണ്ട്.

ക്വുർആനിലെ ഓരോ വചനവും മനുഷ്യന്റെ വിശ്വാസവും വികാരവുമായി ബന്ധപ്പെട്ടതാണ്. അതു കൊണ്ട് തന്നെ ക്വുർആൻ കഥകളെ ഒരു ഉത്തമ സാഹിത്യമൂല്യമായി പരിഗണിക്കാനാകും. ഏത് അഭിരുചിയുള്ള ആളുകൾക്കും അത് ഒരുപോലെ ആസ്വാദ്യകരമാണ്. വാർത്തകൾ, വൃത്താന്തങ്ങൾ എന്നീ അർഥങ്ങളിലെല്ലാം ക്വുർആൻ قَصَص എന്ന് പ്രയോഗിച്ചതായി കാണാം. കഥകളുടെ ആധുനിക നിർവചനമനുസരിച്ച് ക്വുർആൻ കഥകളെ നമുക്ക് ചരിത്രകഥകളുടെയോ സംഭവ്യകഥകളുടെയോ ഗണത്തിൽ പെടുത്താവുന്നതാ



> വേദക്കാർക്ക് പോലും അവലംബം ക്വുർആനാണ് എന്നാണ് ക്വുർആൻ പറയുന്നത്. അതുപോലെ ക്വുർആൻ കഥകൾക്ക് ചരിത്രത്തിന്റെ പിൻബലം ആവശ്യമില്ല. കാരണം, ചരിത്ര രചനക്ക് മുമ്പുള്ള കാര്യങ്ങളാണ് ക്വുർആൻ ഉൾക്കൊള്ളുന്നത്. ക്വുർആൻ ചില സംഭവകഥകൾ വിവരിക്കുന്നതിലൂടെ മനുഷ്യർക്ക് ചില പാഠങ്ങൾ നൽകുകയാണ് ചെയ്യുന്നത്.

ണ്. ഓറിയന്റലിസ്റ്റുകളായ നിരൂപകർ ക്വുർആൻ കഥകളെ കഥകളായി പരിഗണിക്കുന്നില്ല. കാരണം അവരുടെ നിർവചന പ്രകാരം ക്വുർആൻ പറയുന്ന കഥകൾ സ്ഥലകാലം വ്യക്തമായി വിവരിക്കുന്നില്ല. ഒരു സംഭവം എന്ന് നടന്നു, എപ്പോൾ നടന്നു എന്നതല്ല, അത് മനുഷ്യന് നൽകുന്ന ഗുണപാഠങ്ങൾക്കാണ് ക്വുർആൻ ഊന്നൽ നൽകുന്നത്. ഇക്കാര്യം ക്വുർആൻതന്നെ വ്യക്തമാക്കുന്നുണ്ട്.

"തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാൻമാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വാർത്തയല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവയ്ക്കുന്നതും എല്ലാ കാര്യത്തെയും സംബന്ധിച്ചുള്ള ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു" (12:111).

വേദക്കാർക്ക് പോലും അവലംബം ക്വുർആനാണ് എന്നാണ് ക്വുർആൻ പറയുന്നത്. "ഇസ്റാഈൽ സന്തതികൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന വിഷയങ്ങളിൽ മിക്കതും ഈ ക്വുർആൻ അവർക്ക് വിവരിച്ചുകൊടുക്കുന്നു" (27:76).

അതുപോലെ ക്വുർആൻ കഥകൾക്ക് ചരിത്രത്തിന്റെ പിൻബലം ആവശ്യമില്ല. കാരണം, ചരിത്ര രചനക്ക് മുമ്പുള്ള കാര്യങ്ങളാണ് ക്വുർആൻ ഉൾക്കൊള്ളുന്നത്.

ക്വുർആൻ ചില സംഭവകഥകൾ വിവരിക്കുന്നതിലൂടെ മനുഷ്യർക്ക് ചില പാഠങ്ങൾ നൽകുകയാണ് ചെയ്യുന്നത്. ഉദാ: ആദം നബി(അ)യുടെ രണ്ട് മക്കളുടെ കഥ ഇപ്രകാരം വായിക്കാം: "നബിയേ, നീ അവർക്ക് ആദമിന്റെ രണ്ട് പുത്രന്മാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞുകേൾപിക്കുക. അവർ ഇരുവരും ഓരോ ബലി അർപ്പിച്ച സന്ദർഭം. ഒരാളിൽനിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽനിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: 'ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും.' അവൻ (ബലി സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: 'ധർമനിഷ്ഠയുള്ളവരിൽനിന്ന് മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ. എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈ നീട്ടിയാൽ തന്നെയും നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെ നേരെ കൈ നീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവിനെ ഭയപ്പെടുന്നു. എന്റെ കുറ്റത്തിനും നിന്റെ കുറ്റത്തിനും നീ അർഹനായിത്തീരും. അങ്ങനെ നീ നരകവാ

സികളുടെ കൂട്ടത്തിലാകുവാനാണ് ഞാൻ ആഗ്രഹി ക്കുന്നത്. അതാണ് അക്രമികൾക്കുള്ള പ്രതിഫലം.' എന്നിട്ട് തന്റെ സഹോദരനെ കൊല്ലുവാൻ അവന്റെ മനസ്സ് അവന്ന് പ്രേരണ നൽകി. അങ്ങനെ അവനെ കൊലപ്പെടുത്തി. അതിനാൽ അവൻ നഷ്ടക്കാരിൽ പെട്ടവനായിത്തീർന്നു" (5: 27-30).

മനുഷ്യപ്രകൃതിയിലെ ശത്രുതയും തിന്മയുമാണ് ഈ കഥ ആവഷ്കരിക്കുന്നത്. ഇത് സംഭവിച്ച കാലമോ സ്ഥലമോ ആളുകളുടെ പേരുകളോ പരാമർശിക്കുന്നില്ല. ഇത് ഹാബീലും കാബീലുമാണെന്ന് നാം മനസ്സിലാക്കുന്നത് ബൈബിൾ വിവരണങ്ങളുടെ അടിസ്ഥാനത്തിലാണ്. ആളുകളുടെ പേരിലല്ല അവയിലെ കഥാതന്തുവിലാണ് പാഠം ഉൾകൊള്ളുന്നത്. കൊലപാതകത്തിന്റെ ഗൗരവവും അതിനുള്ള പ്രതിക്രിയവും ഈ വചനങ്ങളിൽനിന്ന് വ്യക്തമായി മനസ്സിലാക്കാനാകും. നിരപരാധികളെ വധിക്കുന്നത് വലിയ പാതകം തന്നയാണ്. അതുകൊണ്ടാണ് ഇത് മനുഷ്യകുലത്തെ ആകമാനം വകവരുത്തിയതിന് തുല്യമാണെന്ന് ഖുർആൻ പറയുന്നത്. ബനൂ ഇസ്റാഈല്യരും ആദ്യകാലത്ത് കൊലപാതകത്തിന് വധശിക്ഷ തന്നെയാണ് നൽകിയിരുന്നത്. എന്നാൽ പിന്നീട് അവർ അതിൽ ഇളവ് വരുത്തുകയാണുണ്ടായത്. ഇക്കാര്യവും ഇതിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

മനുഷ്യൻ തന്റെ സഹോദരങ്ങളെയും ഉറ്റവരെയും ഉടയവരെയും വകവരുത്തുന്ന പ്രവണത ഇന്ന് വർധിച്ചുവരികയാണ്. എന്നാൽ നാം അതിന് എന്തെങ്കിലും കാരണം കണ്ടെത്താൻ ശ്രമിക്കാറാണുള്ളത്. ഈ കാരണങ്ങൾ ഒന്നും ഇല്ലാത്ത കാലത്ത് കാബീൽ ഹാബീലിനെ കൊന്നത് അവന്റെ മനസ്സിന്റെ പ്രേരണ കൊണ്ട് മാത്രമാണ്. കൊല ഒരു പാതകമാണെന്നും അതിന് ഞാൻ മുതിരില്ലെന്നും അത് നരക പ്രവേശനത്തിന് നിമിത്തമാകുമെന്നും ആബീൽ ഉപദേശിച്ചിട്ടും അത് ചെവിക്കൊള്ളാൻ കാബീൽ തയ്യാറായില്ല. നമ്മുടെ ബുദ്ധികൊണ്ട് വ്യാഖ്യാനിക്കാൻ കഴിയാത്ത ഒരു പ്രേരണ എല്ലാ കൊലപാതകങ്ങൾ ക്കും പിന്നിലുണ്ടെന്ന വസ്തുതയാണ് ഇത് വെളിപ്പെടുത്തുന്നത്.

മനുഷ്യരുടെ മാനസിക ഭാവങ്ങൾ വ്യക്തമാക്കുന്ന മറ്റൊരു കഥ രണ്ട് തോട്ടക്കാരന്റെ ഉപമയിലൂടെ ഖുർആൻ വിവരിക്കുന്നുണ്ട്. അഹംഭാവം കാണിക്കുന്നവന്റെയും അല്ലാഹുവിൽ അവലംബിക്കുന്നവന്റെയും ഉപമകൾ ഇതിൽ നമുക്ക് കാണാം. ഇതിൽ പറയുന്ന രണ്ട് തോട്ടങ്ങളുടെ ഉടമ, തന്റെ സമ്പത്ത് കണ്ട് അന്തംവിടുകയും അനുഗ്രഹങ്ങളിൽ അഹങ്കരിക്കുകയും ചെയ്യുന്നവനാണ്. അനുഗ്രഹം അനശ്വരമായിരിക്കുമെന്നാണ് അവൻ ധരിച്ചിരുന്നത്. മനുഷ്യരുടെ ജീവിതത്തെ ആകമാനം തകിടം മറിക്കുന്ന ഒരു വൻശക്തിയെ അവൻ വിസ്മരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അദ്ദേഹത്തിന്റെ കൂട്ടുകരൻ ദൈവസ്മരണയിൽ വ്യപൃതനാകുന്ന യഥാർത്ഥ വിശ്വാസിയുമാണ്. ഖുർആൻ പറയുന്നു.

"നീ അവർക്ക് ഒരു ഉപമ വിവരിച്ചു കൊടുക്കുക. രണ്ട് പുരുഷന്മാർ; അവരിൽ ഒരാൾക്ക് നാം രണ്ട് മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ (തോട്ടങ്ങളെ) നാം ഈന്തപ്പനകൊണ്ട് വലയം ചെയ്തു. അവയ്ക്കിടയിൽ ധാന്യ കൃഷിയിടവും നൽകി. ഇരു തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകിവന്നു. അതിൽ യാതൊരു ക്രമക്കേടും വരുത്തിയില്ല. അവയ്ക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു. അവന്നു പല വരുമാനവുമുണ്ടായിരുന്നു. അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: 'ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും.' സ്വന്തത്തോടുതന്നെ അന്യായം പ്രവർത്തിച്ചുകൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: 'ഒരിക്കലും ഇതൊന്നും നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽ വരും എന്ന് ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും മടങ്ങിച്ചെല്ലുന്നതിന് ഇതിനെക്കാൾ ഉത്തമമായ ഒരു സ്ഥലം

> മനുഷ്യൻ തന്റെ സഹോദരങ്ങളെയും ഉറ്റവരെയും ഉടയവരെയും വകവരുത്തുന്ന പ്രവണത ഇന്ന് വർധിച്ചുവരികയാണ്. എന്നാൽ നാം അതിന് എന്തെങ്കിലും കാരണം കണ്ടെത്താൻ ശ്രമിക്കാറാണുള്ളത്. ഈ കാരണങ്ങൾ ഒന്നും ഇല്ലാത്ത കാലത്ത് കാബീൽ ആബിലിനെ കൊന്നത് അവന്റെ മനസ്സിന്റെ പ്രേരണ കൊണ്ട് മാത്രമാണ്. കൊല ഒരു പാതകമാണെന്നും അതിന് ഞാൻ മുതിരില്ലെന്നും അത് നരക പ്രവേശനത്തിന് നിമിത്തമാകുമെന്നും ആബീൽ ഉപദേശിച്ചിട്ടും അത് ചെവിക്കൊള്ളാൻ കാബീൽ തയ്യാറായില്ല.

എനിക്ക് ലഭിക്കുക തന്നെ ചെയ്യും.' അവന്റെ ചങ്ങാതി അവനുമായി സംവാദം നടത്തിക്കൊണ്ടിരിക്കെ പറഞ്ഞു: 'മണ്ണിൽനിന്നും അനന്തരം ബീജത്തിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും പിന്നീട് നിന്നെ ഒരു പുരുഷനായി സംവിധാനിക്കുകയും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കുകയാണോ? എന്നാൽ എന്റെ വിശ്വാസമിതാണ്; അവൻ അഥവാ അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിനോട് യാതൊന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല. നീ നിന്റെ തോട്ടത്തിൽ കടന്ന സമയത്ത് ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ, അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല എന്ന് നിനക്ക് പറഞ്ഞു കൂടായിരുന്നോ? നിന്നെക്കാൾ ധനവും സന്താനവും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ; എന്റെ രക്ഷിതാവ് എനിക്ക് നിന്റെ തോട്ടത്തെക്കാൾ നല്ലത് നൽകി എന്നു വരാം. നിന്റെ തോട്ടത്തിന്റെ നേരെ അവൻ ആകാശത്തുനിന്ന് ശിക്ഷ അയക്കുകയും അങ്ങനെ അത് ചതുപ്പുനിലമായിത്തീരുകയും ചെയ്തു എന്നു വരാം. അല്ലെങ്കിൽ അതിലെ വെള്ളം നിനക്ക് ഒരിക്കലും തേടിപ്പിടിച്ച് കൊണ്ടുവരാൻ കഴിയാത്തവിധം വറ്റിപ്പോയെന്നും വരാം.' അവന്റെ ഫലസമൃദ്ധി (നാശത്താൽ) വലയം ചെയ്യപ്പെട്ടു. അവ അവയുടെ പന്തലുകളോടെ വീണടിഞ്ഞ് കിടക്കവെ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ടബോധത്താൽ) കൈ മലർത്തുന്നവനായിത്തീർന്നു. എന്റെ രക്ഷിതാവിനോട് ആരെയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ പറയുകയും ചെയ്തു കൊണ്ടിരുന്നു. അല്ലാഹുവിന് പുറമെ യാതൊരു കക്ഷിയും അവന് സഹായം നൽകുകയുണ്ടായില്ല. അവന്ന് (സ്വയം) അതിജയിക്കാൻ കഴിഞ്ഞതുമില്ല" (18: 32-43).

ഈ കഥ തുടങ്ങുന്നത് പ്രൗഢവും പ്രശോഭിതവുമായ രണ്ട് തോട്ടങ്ങളെ വർണിച്ചുകൊണ്ടാണ്. ഇവയ്ക്ക് യാതൊരു കുറവുമില്ല എന്ന് സൂചിപ്പിക്കാൻ ഖുർആൻ ‘ تَظْلِمْ ’ എന്ന പദമാണ് പ്രയോഗിച്ചത്. സാധാരണ 'അക്രമം' എന്ന അർഥത്തിലാണ് ഈ പദം പ്രയോഗിക്കാറുള്ളത്. തോട്ടക്കാരൻ അക്രമം ചെയ്തെങ്കിലും തോട്ടം യാതൊരു അക്രമവും കാണിച്ചില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. തോട്ടങ്ങളുടെ ഉടമ സംസാരം ആരംഭിക്കുന്നതുതന്നെ താൻ സമ്പത്തും ജനപിന്തുണയുമുള്ള ഒരാളാണ് എന്ന അഹംഭാവത്തോടെയാണ്. അപരനെ കൊച്ചാക്കാനുള്ള ഒരു പ്രവണതയും ഇതിൽ നിഴലിക്കുന്നുണ്ട്. സംഭാഷണം കേൾക്കുന്നവൻ ഇതിലൊന്നും അത്ഭുതപ്പെടാതെ നിസ്സാരമായ ഒരു ബീജത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ച് ഈ പരുവത്തിലാക്കിയ സ്രഷ്ടാവിന്റെ മഹത്വമാണ് ഓർമിപ്പിക്കുന്നത്. ഇക്കാര്യം മറന്ന് അഹങ്കരിക്കുന്നവന്റെ പരിണിതഫലമാണ് കഥയുടെ അവസാനത്തിൽ നാം കാണുന്നത്. തകർന്നടിഞ്ഞ ഒരു തോട്ടം വിഭാവനം ചെയ്യുന്ന രൂപത്തിലാണ് തിരശ്ശീല വീഴുന്നത്. ഇത്തരം ശിക്ഷകൾ വന്നുകഴിഞ്ഞാൽ അതിനെ തടയാൻ അഹങ്കരിക്കുന്നവനോ അവന്റെ അനുയായികൾക്കോ കഴിയാതെ വരികയും ചെയ്യും. കണ്ട് കണ്ണു തള്ളുകയല്ലാതെ അത്തരം സന്ദർഭങ്ങളിൽ കൈമലർത്തിയതുകൊണ്ടോ ഖേദിച്ചതുകൊണ്ടോ യാതൊരു ഫലവും ഉണ്ടാകയുമില്ല. പ്രപഞ്ച നാഥന്റെ കഴിവിന് മുമ്പിൽ ഏതു കൊലകൊമ്പനും അതിനിസ്സാരനാണ് എന്ന പാഠമാണ് ഈ കഥ നൽകുന്നത്.

*(തുടരും)*

അബൂ അമീൻ

# അലി അദ്ദശ്ത്തി;
## ചരിത്രത്തെ അവലംബിക്കാത്ത 'ചരിത്രകാരൻ'

ഇസ്‌ലാം വിമർശകർ പലപ്പോഴും തങ്ങളുടെ അന്ധമായ ഇസ്‌ലാം വിരോധംകൊണ്ട്, കിട്ടുന്ന വാറോലകളെല്ലാം ഇസ്‌ലാമിനെതിരെ എടുത്ത് ഉപയോഗിക്കാറുണ്ട്. അത്തരത്തിൽ വസ്തുതാപരമല്ലാത്ത കളവുകൾ പൊടിപ്പും തൊങ്ങലുംവച്ച് അവതരിപ്പിക്കുന്ന രചനകൾ പ്രവാചകനെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചുമൊക്കെ കാണുവാൻ സാധിക്കും. അക്കൂട്ടത്തിലുള്ള ഒരു രചനയാണ് അലി അദ്ദശത്തിയുടെത്.

പേർഷ്യൻ എഴുത്തുകാരനും ഇറാനിയൻ വംശജനുമായ അലി അദ്ദശ്തി രചിച്ച 276 പേജുകളുള്ള 'പ്രവാചക ജീവിതത്തിലെ 23 വർഷം' എന്ന ഗ്രന്ഥം രചിച്ചതിന്റെ ഉദ്ദേശ്യം നബിചരിത്രത്തെ സത്യസന്ധമായി അവതരിപ്പിക്കുക എന്നതല്ല എന്നു വ്യക്തമാണ്. തനിക്ക് തെറ്റിദ്ധരിപ്പിക്കുവാനും തന്റെ വികലവാദങ്ങളെ ന്യായീകരിക്കുവാനും ഉതകുന്ന ഭാഗങ്ങൾ ചരിത്രത്തിൽനിന്ന് അടർത്തിയെടുത്ത് അവതരിപ്പിക്കുകയാണ് ഇയാൾ ചെയ്യുന്നത്. നബിചരിത്രത്തെ സത്യസന്ധമായി അറിയാൻ ആഗ്രഹിക്കുന്നവർ ഒരിക്കലും ഇതുപോലെയുള്ള രചനകളെ അവലംബിച്ചുപോകരുത്.

മതത്തെയും ധാർമിക മൂല്യങ്ങളെയും നിരാകരിക്കുന്ന ഒരു വിഭാഗമാണ് ഇതിന്റെ പിന്നിൽ എന്നുള്ളത് വ്യക്തമാണ്. 'റാബിത്വത്തുൽ അക്‌ലാനിയ്യത്തുൽ അറബ് ' എന്ന ഒരു സംഘടനയുടെ മേൽനോട്ടത്തിലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നത്. പ്രവാചകനെയും പ്രവാചകത്വത്തെയും താറടിക്കുവാനായി ഇസ്‌ലാമിന്റെ ശത്രുക്കളായ ചില ഓറിയന്റലിസ്റ്റുകൾ എഴുതിവിട്ട സംഗതികൾ മാത്രമാണ് ഇയാളുടെ അവലംബം. അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിന്റെയും അബ്ദുല്ലാഹിബ്നു സബഇന്റെയും ആശയങ്ങളാണ് കുട്ടികളുടെ ചിത്രകഥകളെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ തന്റെ ഭാവനകളിലൂടെ ഇയാൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ചരിത്രസംഭവങ്ങൾ അതിന്റെ പശ്ചാത്തലവും സാമൂഹിക സാഹചര്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് വായിക്കപ്പെടുമ്പോൾ മാത്രമെ അതിന്റെ ശരിയായ അർഥവും ആശയവും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

ജൂതന്മാരുടെ മസ്തിഷ്കസന്തതിയായ ശിയായിസം എന്ന ആശയത്തെ ബലപ്പെടുത്തുന്നതാണ് ദശ്ത്തിയുടെ രചനകളെല്ലാം. അയാളുടെ മതപരമായ വിശ്വാസങ്ങളും സമീപനങ്ങളും അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. തന്റെ ഭാവനകൾക്കനുസരിച്ച് 5 കാലഘട്ടങ്ങളായാണ് ഇയാൾ ഈ ഗ്രന്ഥത്തെ ക്രമീകരിച്ചിരിക്കുന്നത്. തന്റെ ഊഹങ്ങൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറം സത്യസന്ധമായ വിവരണമോ അവലോകനമോ ഒന്നുമല്ല ഇയാളുടെ രീതി. റിപ്പോർട്ടുകളുടെ ബലാബലങ്ങൾ പരിശോധിക്കുകയും അവയിൽ സ്ഥിരപ്പെട്ടതും സ്ഥിരപ്പെടാത്തതും വേർതിരിക്കുകയും ചെയ്യുന്ന സ്ഥിരീകരണത്തിന്റെയും നിരാകരണത്തിന്റെയും അതുല്യശാസ്ത്രമായ ഇസ്‌ലാമിലെ 'അൽജർഹുവത്തഅ്ദീൽ' എന്ന ഹദീസ് നിദാന ശാസ്ത്രത്തിന്റെ എട്ടയലകത്തു പോലും വെക്കാൻ കൊള്ളാത്തതും സത്യസന്ധതയുടെ യാതൊരു പാഠവും അവലംബിക്കാത്തതും ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലെ നിലവാരമില്ലാത്ത കെട്ടുകഥകളുമാണ് ഇയാളുടെയും കാര്യമായ അവലംബം. ഇത്തരം വാറോലകൾക്ക് എന്തെന്നില്ലാത്ത മഹത്ത്വം കൽപിച്ചും ചരിത്ര വസ്തുതകൾ വിവരിക്കുന്ന റിപ്പോർട്ടുകളെ പാടെ അവഗണിച്ചുമാണ് ഇസ്‌ലാം വിമർശകർ ചരിത്രത്തെ വികൃതമാക്കുന്നത്.

ദശ്ത്തിയും ഇത്തരത്തിലുള്ള ചതിപ്രയോഗങ്ങൾ തന്റെ താളാത്മകവും വശ്യവുമായ കാവ്യഭാഷയിലും ഈണത്തിലും അവതരിപ്പിക്കുമ്പോൾ ചിലരെങ്കിലും ആ ചതിക്കുഴിയിൽ വീണുപോകുന്നു എന്നതാണ് സത്യം. ഇതിന്റെ മലയാള വിവർത്തനം ഒരുപക്ഷേ, ആരെങ്കിലും പുറത്തിറക്കിയേക്കാം. ആ ചതിയിൽ പെടാതിരിക്കാൻ മുൻകൂട്ടി അറിയിക്കുക എന്നതാണ് ഈ കുറിപ്പിന്റെ ലക്ഷ്യം. ■

റോഷൻ പുനലൂർ
: 8590613225

# ഇണയെ മനസ്സിലാക്കുക



ദാമ്പത്യജീവിതത്തിന് ഇസ്‌ലാം ഏറെ പ്രാധാന്യം നൽകുന്നുണ്ട്. പരസ്പരമുള്ള തിരിച്ചറിവാണ് ദാമ്പത്യത്തിന് അത്യാവശ്യമായി വേണ്ടത്. അതാണ് എല്ലാതരത്തിലുള്ള ബന്ധങ്ങളുടെയും അടിസ്ഥാനമായി വർത്തിക്കുന്നത്. രണ്ടുപേർക്കും തങ്ങളുടെ പോസിറ്റീവുകളും നെഗറ്റീവുകളും തിരിച്ചറിയാനാവണം. എന്നാൽ അതു പലപ്പോഴും നടക്കുന്നില്ലെന്നതാണ് വസ്തുത.

ഈ തിരിച്ചറിവിന്റെ അഭാവം ദാമ്പത്യമാകുന്ന വാഹനത്തിന്റെ ചക്രം ഉരുളാൻ ഏറെ ബുദ്ധിമുട്ടു ണ്ടാക്കും. അത് പലപ്പോഴും വേർപിരിയലിലേക്കെത്തിക്കാൻ കാരണമാകാറുണ്ട്. അതിന്റെ മൊത്തം ഭാരം പേറേണ്ടിവരുന്നത് അവർക്ക്

> ഒരു പുരുഷനെന്ന നിലയിൽ നിങ്ങൾ സമ്പാദിക്കുന്ന സ്വത്ത് സമൂഹത്തിൽ കണ്ണിൽ മാത്രമെ നിങ്ങളെ സമ്പന്നനാക്കുന്നുള്ളൂ. നിങ്ങളുടെ വീടുകളിൽ നിങ്ങളെ സമ്പന്നനാക്കുന്നത് നിങ്ങളുടെ ഭാര്യയാണ്. അത് മറന്നുപോകരുത്. അവളുടെ സ്നേഹവും പിന്തുണയുമാണ് ഒരർഥത്തിൽ നിങ്ങളെ സമൂഹത്തിൽ പോലും സമ്പന്നനാക്കുന്നത്.

ജനിച്ച മക്കളായിരിക്കും. ഉള്ളു തുറന്നുള്ള സംസാരം കൊണ്ടുതന്നെ ഇണകൾക്ക് പരസ്പരം മനസ്സിലാക്കാൻ കഴിയും. എന്നാൽ ഈ സംസാരം പല ദമ്പതികളുടെയും കിടപ്പുമുറികളിൽ പോലും നടക്കുന്നില്ല. അത്യാവശ്യമായി വരുന്ന ചില ഉള്ളുതുറക്കലുകൾവരെ ചില ഈഗോകളുടെ പേരിൽ മാറ്റിവെക്കുന്നവരാണ് പലരും.

ഭർത്താക്കന്മാരോട് ചില കാര്യങ്ങൾ പറയട്ടെ: നിങ്ങൾ നിങ്ങളുടെ ഭാര്യയോട് ഉള്ളുതുറന്നു സംസാരിക്കാറുണ്ടോ? നിത്യജീവിതത്തിൽ നിങ്ങളെടുക്കുന്ന ഓരോ തീരുമാനവും അവളോട് അന്വേഷിച്ചിട്ടാണോ എടുക്കാറ്? അതല്ല എല്ലാം തീരുമാനിച്ചുറപ്പിച്ച ശേഷം മാത്രമാണോ അവൾ എല്ലാം അറിയാറ്? സർപ്രൈസിനു വേണ്ടി, തമാശക്കു വേണ്ടി ചില കാര്യങ്ങൾ ഭാര്യമാരിൽനിന്ന് മറച്ചുവെക്കുന്നതിനെ കുറിച്ചല്ല ഈ പറയുന്നത്. അതുപോലും ചിലപ്പോൾ തെറ്റുധാരണക്ക് വഴിവെക്കാറുണ്ടെന്നത് ഓർക്കുക. പെട്ടെന്ന് എടുക്കേണ്ട, കൂടിയാലോചിക്കാൻ സമയമില്ലാത്ത ചില തീരുമാനങ്ങളും ഉണ്ടായേക്കാം. ഭാര്യയോടും മക്കളോടും കൂടിയാലോചിച്ച ശേഷം ഒരു തീരുമാനമെടുക്കുമ്പോൾ അത് തങ്ങളുടെ വ്യക്തിത്വത്തെ അംഗീകരിക്കലും പരിഗണിക്കലുമായി അവർ മനസ്സിലാക്കും. ബന്ധങ്ങളെ സുദൃഢമാക്കുവാൻ അത് ഏറെ സഹായിക്കും.

ഒരു പുരുഷനെന്ന നിലയിൽ നിങ്ങൾ സമ്പാദിക്കുന്ന സ്വത്ത് സമൂഹത്തിന്റെ കണ്ണിൽ മാത്രമെ നിങ്ങളെ സമ്പന്നനാക്കുന്നുള്ളൂ. നിങ്ങളുടെ വീടുകളിൽ നിങ്ങളെ സമ്പന്നനാക്കുന്നത് നിങ്ങളുടെ ഭാര്യയാണ്. അത് മറന്നുപോകരുത്. അവളുടെ സ്നേഹവും പിന്തുണയുമാണ് ഒരർഥത്തിൽ നിങ്ങളെ സമൂഹത്തിൽ പോലും സമ്പന്നനാക്കുന്നത്. അത് തിരിച്ചറിയുന്നവർ അവളെ സ്നേഹിക്കാനും പരിഗണിക്കാനും പിശുക്ക് കാണിക്കില്ല. ഈഗോകളെ മാറ്റിവച്ചേ തീരൂ. എല്ലാ പ്രയാസങ്ങളും തന്റെ ഭർത്താവിനും മക്കൾക്കും വേണ്ടി സഹിക്കുന്നവളും ഒട്ടേറെ ഇഷ്ടങ്ങൾ ത്യജിക്കുന്നവളുമാണ് ഭാര്യ. അവൾ തിരിച്ച് ആഗ്രഹിക്കുന്നത് ഭർത്താവിന്റെ സ്നേഹം മാത്രമാണ്. സ്നേഹമുണ്ടെന്ന് പറഞ്ഞാൽ പോരാ, അത് പ്രകടിപ്പിക്കാനറിയണം. അവൾക്ക് അത് ബോധ്യപ്പെടണം. പലരുമുണ്ട്, ഭാര്യമാരെ അവർ നന്നായി സ്നേഹക്കുന്നുണ്ട്. പരിഗണിക്കുന്നുമുണ്ട്. പക്ഷേ, ഭാര്യമാർക്ക് പരാതി തന്നെയായിരിക്കും. സ്നേഹം പ്രകടിപ്പിക്കാൻ ഭർത്താവ് പിശുക്കു കാണിക്കുന്നതാണ് അതിനു കാരണം. സ്നേഹിക്കുക എന്നത് ഒരു കാര്യമാണ്; ഉള്ള സ്നേഹം പ്രകടിപ്പിക്കുക എന്നത് മറ്റൊരു കാര്യവും.

അഭിനന്ദിക്കേണ്ടിടത്ത് അവളെ അഭിനന്ദിക്കണം. അതവളെ കൂടുതൽ ഉന്മേഷവതിയാക്കും. ഭക്ഷണം കഴിച്ച് എഴുന്നേൽക്കുന്ന സമയത്ത് ഏതെങ്കിലും ഒരു ഐറ്റം ഭക്ഷണത്തെ കുറിച്ച് 'വളരെ രുചിയുണ്ട്, ഉഷാറായിരിക്കുന്നു'വെന്ന് പറഞ്ഞാൽ അത് അവൾക്ക് നൽകുന്ന ഊർജം അപാരമായിരിക്കും. നിങ്ങളുടെ സ്നേഹത്തിന്റെയും പരിഗണനയുടെയും തണൽ പ്രതീക്ഷിച്ച് സ്വന്തം വീടുവിട്ട് വന്നവളാണവർ. അക്കാര്യം മറക്കാതിരിക്കുക.

ശമീർ മദീനി
: 9048 221 212

### പിശാചിന്റെ ചതിക്കുഴികൾ-8



# കെണിയുടെ രൂപങ്ങൾ

മനുഷ്യരെ വഴിതെറ്റിക്കാൻ പിശാച് നടത്തുന്ന ബോധപൂർവമായ ശ്രമങ്ങളുടെ പല ഉദാഹരണങ്ങളും ഇബ്നുൽ ജൗസി(റഹി) തന്റെ 'തൽബീസു ഇബ്‌ലീസ്' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. അതിൽ പെട്ട ഒരു സംഭവം ഇങ്ങനെയാണ്:

"ബനൂ ഇസ്‌റാഈല്യരിൽ ഭക്തനായ ഒരു പുരോഹിതനുണ്ടായിരുന്നു. അയാളുടെ കാലഘട്ടത്തിലെ ഏറ്റവും വലിയ ആബിദുമായിരുന്നു അയാൾ. അദ്ദേഹത്തിന്റെ നാട്ടിൽ മൂന്ന് സഹോദരങ്ങൾക്ക് കൂടി ഏകയായ ഒരു സഹോദരിയുണ്ടായിരുന്നു. അവളാകട്ടെ ഏറെ സുന്ദരിയും അവിവാഹിതയുമായിരുന്നു. ഈ മൂന്ന് സഹോദരങ്ങൾക്കും രാജാവിന്റെ കൽപന പ്രകാരം ഒരു നിർബന്ധ യുദ്ധയാത്രക്ക് പുറപ്പെടേണ്ട സാഹചര്യമുണ്ടായി. എന്നാൽ അവിവാഹിതയായ തങ്ങളുടെ പ്രിയ സഹോദരിയെ ആരുടെ അടുക്കൽ ആക്കും എന്ന കാര്യത്തിൽ അവർക്ക് ഒരു പിടിയും ഉണ്ടായിരു

ന്നില്ല. ദീർഘമായ അന്വേഷണ ങ്ങൾക്കൊടുവിൽ ഇസ്‌റാഈല്യ രിലെ, മേൽപറഞ്ഞ ഭക്തനായ ആ പണ്ഡിതനെ പരിചയപ്പെടു കയും അയാളുടെ അടുക്കൽ അവളെ ആക്കാം എന്ന് തീരു മാനിക്കുകയും ചെയ്തു. അവർ ക്ക് അയാളെ അത്രയ്ക്ക് വിശ്വാസ മായിരുന്നു. അങ്ങനെ അവർ അയാളുടെ അടുക്കൽ ചെന്ന് അക്കാര്യം ആവശ്യപ്പെട്ടെങ്കിലും അയാൾ വിസമ്മതിച്ചു. വീണ്ടും വീണ്ടും ഇവർ അദ്ദേഹത്തെ സമീപിച്ച് നിർബന്ധിച്ചുകൊ ണ്ടിരുന്നു. അങ്ങനെ ഒടുവിൽ അയാൾ അതിന് സമ്മതിച്ചു. തന്റെ മഠത്തിന് നേരെയുള്ള ഒരു വീട്ടിൽ ആക്കിക്കൊള്ളാൻ പറഞ്ഞു. അവർ സഹോദരിയെ ഈ പുരോഹിതന്റെ മഠത്തിനടു ത്തുള്ള ഒരു വീട്ടിലാക്കി തിരി ച്ചു പോയി.

കുറെ നാൾ അങ്ങനെ അവൾ അവിടെ കഴിച്ചുകൂട്ടി. ഈ പു രോഹിതൻ അവൾക്കുള്ള ഭക്ഷ ണസാധനങ്ങൾ അയാളുടെ മഠത്തിന്റെ വാതിൽക്കൽ കൊ ണ്ടുപോയി വെച്ചുകൊടുക്കും. എന്നിട്ട് തന്റെ വീട്ടിൽ കയറി വാതിലടച്ച ശേഷം ഭക്ഷണം വെച്ച വിവരം അവളെ അറി യിക്കുകയും അവൾ അവിടെ വന്ന് അതെടുത്തു കൊണ്ടു പോവുകയും ചെയ്യുമായിരു ന്നു. അങ്ങനെയിരിക്കെ പിശാച് അയാളോട് പല ദുർമന്ത്രങ്ങളും നടത്തിക്കൊണ്ടിരുന്നു. അവളോ ട് ഒരു കനിവും സ്നേഹവും തോന്നിപ്പിച്ചു. അവൾ പകൽസ മയത്ത് വീടിന് പുറത്ത് ഇറങ്ങി വന്ന് ഭക്ഷണം എടുത്തു കൊ ണ്ടുപോകുമ്പോൾ വല്ലവരും അവളെ കണ്ടാൽ അത് അപക ടമാകും എന്ന് അയാളെ ഓർമി പ്പിച്ചു. അതിനാൽ താങ്കൾ തന്നെ ആ ഭക്ഷണസാധനങ്ങൾ അവളുടെ വീട്ടുപടിക്കൽ വെച്ചു കൊടുക്കുന്നതാകും നല്ലത്; അതിനായിരി ക്കും കൂടുതൽ പ്രതിഫലവും എന്നിങ്ങനെ പിശാച് അയാളെ തോന്നിപ്പിച്ചുകൊണ്ടിരുന്നു. അതുപ്രകാരം അയാൾ ഭക്ഷണസാധനങ്ങൾ അവളുടെ വാതിൽ പടിക്കൽ എത്തിച്ചുകൊടുത്തു. അവളുമായി യാ തൊന്നും സംസാരിച്ചിരുന്നില്ല. അങ്ങനെ കുറെ നാ ളുകൾ കഴിഞ്ഞുപോയി. വീണ്ടും പിശാച് അയാളെ നല്ലതെന്ന് പറഞ്ഞു പലപല കാര്യങ്ങൾക്കും പ്രേരി പ്പിച്ചുകൊണ്ടിരുന്നു. ഭക്ഷണം അവളുടെ വീട്ടിലേ ക്ക് എടുത്തു വച്ചുകൊടുക്കാൻ അയാൾക്ക് തോന്നി. അങ്ങനെ അയാൾ അത് ചെയ്തു.

> പിശാച് കെണിയും കുതന്ത്രങ്ങളു മായി പല രൂപത്തിലും ഏതൊരാ ളുടെയും അടുക്കൽ വരാമെന്നും ശക്തമായ ജാഗ്രതയും കരുതലും ആവശ്യമാണ് എന്നും ഇത്തരം സംഗതികൾ നമ്മെ ഓർമപ്പെടുത്തു ന്നു. അതിനാൽ ശത്രുവിന്റെ കുത ന്ത്രങ്ങളെ സംബന്ധിച്ച് ജാഗ്രത പാലി ക്കുകയും സർവശക്തനായ അല്ലാഹു വിനോട് നിരന്തരം കാവൽ തേടിക്കൊ ണ്ടിരിക്കുകയും ചെയ്യുക.

പിന്നീട് പിശാച് അയാളെ പ്രേരിപ്പിച്ചത് ഏകാ ന്തതയുടെ മടുപ്പിൽ മുഷിഞ്ഞു കഴിയുന്ന അവളു മായി കുറച്ചുനേരം സംസാരിക്കുന്നതിൽ എന്താ കുഴപ്പം എന്ന നിലയിലായി. അങ്ങനെ തന്റെ മഠ ത്തിന്റെ മുകളിൽ നിന്ന് അയാൾ അവളുമായി സം സാരിച്ചു തുടങ്ങി. അവൾ അവളുടെ വീട്ടിലും. പിന്നീ ട് അവളുടെ വീട്ടുപടിക്കലേക്ക് എത്തി സംസാരം. അങ്ങനെ അവളുടെ വീട്ടിലെത്തി പകൽസമയം അവർ സംസാരിച്ചിരിക്കലായി. പിന്നീട് ഒരിക്കൽ ഒരവസരത്തിൽ അവളെ തന്നിലേക്ക് ചേർത്തുപി ടിച്ചു ചുംബിച്ചു. പിശാച് അവളെക്കുറിച്ച് അയാ ളുടെ മനസ്സിൽ ആഗ്രഹം ജനിപ്പിച്ചുകൊണ്ടിരുന്നു. അവളുടെ സൗന്ദര്യത്തിലും സംസാരത്തിലും പെ രുമാറ്റത്തിലുമെല്ലാം അയാൾ ഏറെ ആകൃഷ്ടനായി. അങ്ങനെ അവളുമായി ഒരിക്കൽ അയാൾ ശാരീരിക ബന്ധത്തിലേർപ്പെട്ടു. അവൾ അതിലൂടെ ഗർഭം ധരി ച്ചു. സുന്ദരനായ ഒരാൺകുഞ്ഞിന് ജന്മം നൽകി.

എന്നിട്ട് പിശാച് ആ പുരോഹിതന്റെ അടുക്കൽ ചെന്ന് ഈ സ്ത്രീയുടെ സഹോദരങ്ങളെ കുറിച്ച് ഓർമിപ്പിച്ചുകൊണ്ടിരുന്നു. അവരെങ്ങാനും ഈ വിവരം അറിഞ്ഞാൽ എന്തായിരിക്കും അവസ്ഥ? ആകെ പരിഭ്രാന്തനായി അയാൾ. താൻ വഷളാക്ക

പ്പെടുകയും തന്നെ അവർ ഉപദ്രവിക്കുകയും ചെയ്യും എന്ന് അയാൾ ഉറച്ചു വിശ്വസിച്ചു. അതിനാൽ ആ കുട്ടിയെ കൊന്നുകളയണം. അവളോട് ഇക്കാര്യങ്ങൾ ഒന്നും ആരോടും പറയരുതെന്ന് പറയുകയും വേണം. അങ്ങനെ അയാൾ അത് ചെയ്തു. കുട്ടിയെ കൊന്നശേഷം കുഴിച്ചുമൂടി. പിന്നീട് പിശാച് അയാളോട് മറ്റൊരു കാര്യം പറഞ്ഞുകൊണ്ടിരുന്നു. സ്വന്തം മകനെ കൊന്നു കുഴിച്ചുമൂടിയ കാര്യം അവൾ ആരോടും പറയാതെ എത്ര നാൾ രഹസ്യമാക്കി വെക്കും? ഏറെനാൾ അവൾക്കതിന് സാധിക്കുമെന്ന് നിനക്ക് തോന്നുന്നുണ്ടോ? അവൾക്കതിന് കഴിയുകയില്ല. അതെല്ലാം അവൾ അവളുടെ സഹോദരങ്ങളോട് പറയും. അതിനാൽ അവളെയും കൊന്നുകളയണം. എന്നിട്ട് ആ കുട്ടിയെ കുഴിച്ചുമൂടിയ സ്ഥലത്തുതന്നെ അവളെയും മറവു ചെയ്യുക. അങ്ങനെ കുറെ നാളത്തെ നിരന്തര ദുഷ്പ്രേരണയുടെ അവസാനത്തിൽ അയാൾ ആ കൃത്യത്തിനും മുതിർന്നു. അതിനു ശേഷം അയാൾ തന്റെ മഠത്തിൽ ആരാധനകളുമായി കഴിഞ്ഞു.

പിന്നെയും കുറെ നാളുകൾ കഴിഞ്ഞുപോയി. അങ്ങനെയിരിക്കെ അവളുടെ സഹോദരങ്ങൾ യുദ്ധയാത്രയെല്ലാം കഴിഞ്ഞ് ഇദ്ദേഹത്തിന്റെ അടുക്കലെത്തി. വിശേഷങ്ങൾ അന്വേഷിച്ചു. അവൾ മരിച്ചു പോയി എന്നും അവരോട് പറഞ്ഞു. അതിനുള്ള അയാളുടെ സങ്കടവും ദുഃഖവുമെല്ലാം അവർക്കു മുമ്പിൽ പ്രകടിപ്പിക്കുകയും ചെയ്തു. സഹോദരങ്ങൾ അവളുടെ ഖബ്റിടം സന്ദർശിക്കുകയും ഏതാനും ദിവസങ്ങൾ അവിടെ തങ്ങിയ ശേഷം അവരുടെ വീട്ടിലേക്ക് തിരിച്ചു പോവുകയും ചെയ്തു. തിരിച്ചു ചെന്ന് രാത്രിയായി അവർ ഓരോരുത്തരും അവരവരുടെ കിടപ്പറകളിലേക്ക് ഉറങ്ങാൻ വേണ്ടി പോയി. ഉറക്കത്തിലേക്ക് വഴുതിവീണ അവരുടെ അടുക്കൽ പിശാച് ഒരു യാത്രക്കാരന്റെ രൂപത്തിൽ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും എന്നിട്ട് അവരുടെ പ്രിയ സഹോദരിയെ കുറിച്ച് ചോദിക്കുകയും ചെയ്തു. അവർ പുരോഹിതൻ പറഞ്ഞതനുസരിച്ചുള്ള വിവരങ്ങൾ പറഞ്ഞു. എന്നാൽ പിശാച് അതൊന്നും അംഗീകരിച്ചില്ല. അവൻ പറഞ്ഞു: ‘അതെല്ലാം കളവാണ്.’ നടന്ന സംഭവങ്ങൾ ഇന്നയിന്ന രൂപത്തിലാണ് എന്നൊക്കെ വിശദമായി പറഞ്ഞു കൊടുത്തു. സഹോദരിയെയും കുഞ്ഞിനെയും കൊന്നശേഷം കുഴിച്ചുമൂടിയ ഖബ്റിനെ കുറിച്ച് അടയാള സഹിതം അവർക്ക് പറഞ്ഞുകൊടുത്തു. സംശയമുണ്ടെങ്കിൽ നിങ്ങൾ പോയി നോക്കിക്കൊള്ളുക എന്നുമായി. ഇതേപോലെ മറ്റ് സഹോദരങ്ങളുടെയും അടുക്കൽ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പിശാച് കാര്യങ്ങൾ വിശദീകരിച്ചു. നേരം വെളുത്ത് ഉറക്കിൽനിന്ന് ഉണർന്നപ്പോൾ ആകെ അത്ഭുതപ്പെടുന്ന രീതിയിൽ അവർ ഓരോരുത്തരും സ്വപ്നത്തിൽ കണ്ട വിവരങ്ങൾ പരസ്പരം പങ്കുവെച്ചു. അതൊക്കെ വല്ല പേക്കിനാവുമായിരിക്കും എന്നാണ് അവർക്ക് ആദ്യം തോന്നിയതെങ്കിലും അവരുടെ അത്ഭുതം വിട്ടു മാറിയില്ല. അവസാനം അവർ സ്വപ്നത്തിൽ കണ്ടത് പോലുള്ള ഖബ്ർ അന്വേഷിച്ച് പുറപ്പെട്ടു. അവിടെ ചെന്ന് ഖബ്ർ തുറന്നു പരിശോധിച്ചപ്പോൾ കഴുത്തറുത്ത് കൊല്ലപ്പെട്ട നിലയിൽ ആ സഹോദരിയെയും പിഞ്ചു കുഞ്ഞിനെയും കബറടക്കിയിരിക്കുന്നതായി അവർക്ക് മനസ്സിലായി. ശേഷം അവർ പുരോഹിതന്റെ അടുക്കൽ ചെന്ന് ചോദ്യം ചെയ്തു. ഗതിമുട്ടിയ അയാൾ കാര്യങ്ങളെല്ലാം തുറന്നു പറഞ്ഞു. അങ്ങനെ അവർ രാജാവിനെ വിവരങ്ങൾ ധരിപ്പിച്ചു. രാജാവ് പുരോഹിതനെ തൂക്കിലേറ്റാൻ കൽപന പുറപ്പെടുവിച്ചു. പുരോഹിതനെ ബന്ധനസ്ഥനാക്കി നിർത്തിയപ്പോൾ പിശാച് വീണ്ടും അയാളുടെ അടുക്കൽ ചെന്നിട്ട് പറഞ്ഞു: ‘നിനക്ക് ഇനി രക്ഷപ്പെടാൻ ഒരേയൊരു മാർഗമേയുള്ളൂ, ദൈവത്തിൽ അവിശ്വസിക്കുകയും മതത്തെ തള്ളിക്കയുകയും ചെയ്യുക.’ അങ്ങനെ അയാൾ അതും ചെയ്തു. പിശാചിനെ സാഷ്ടാംഗം നമിച്ചു. അവസാനം പിശാചും അയാളെ കൈയൊഴിച്ചു. അവരാകട്ടെ അയാളെ കൊന്നു കുരിശിൽ തറക്കുകയും ചെയ്തു. സൂറത്തുൽ ഹശ്ർ 16,17 വചനങ്ങളിൽ പറഞ്ഞത് ഇതുപോലുള്ള ഒരു സംഭവത്തെക്കുറിച്ചാണെന്നുവരെ ചില മുഫസ്സിറുകൾ പറയുന്നുണ്ട്” (തൽബീസു ഇബ്ലീസ്, പേജ് 41- 43 നോക്കുക).

പിശാച് കെണിയും കുതന്ത്രങ്ങളുമായി പല രൂപത്തിലും ഏതൊരാളുടെയും അടുക്കൽ വരാമെന്നും ശക്തമായ ജാഗ്രതയും കരുതലും ആവശ്യമാണ് എന്നും ഇത്തരം സംഗതികൾ നമ്മെ ഓർമപ്പെടുത്തുന്നു. അതിനാൽ ശത്രുവിന്റെ കുതന്ത്രങ്ങളെ സംബന്ധിച്ച് ജാഗ്രത പാലിക്കുകയും സർവശക്തനായ അല്ലാഹുവിനോട് നിരന്തരം കാവൽ തേടിക്കൊണ്ടിരിക്കുകയും ചെയ്യുക. അല്ലാഹു നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ. ■

വിവ: അബ്ദുൽ ജബ്ബാർ മദീനി



# വിവാഹം

ചേർക്കുക, ഒരുമിച്ചുകൂട്ടുക, കൂടിക്കലരുക എന്നൊക്കെയാണ് ഭാഷയിൽ 'നികാഹി'ന്റെ അർഥം. വൃക്ഷങ്ങൾ ഒന്നൊന്നിനോടു ചേർന്നാൽ 'തനാകഹത്തിൽ അശ്ജാറു' എന്നു പറയും. മഴവെള്ളം മണ്ണിൽ കലർന്നാൽ 'നകഹൽ മത്വറു അൽഅർദ്' എന്നു പറയും.

മതപരമായ രീതിയിൽ ഭാര്യാഭർത്താക്കന്മാർ അന്യോന്യം സുഖമെടുക്കുന്നതിനെ അനുവദിക്കലുൾ കൊള്ളുന്ന ഉടമ്പടിയാകുന്നു സാങ്കേതികമായി 'നികാഹ്.'

നികാഹ് മതപരമെന്നതിന്റെ തെളിവുകൾ ക്വുർആനും സുന്നത്തും ഇജ്മാഉമാകുന്നു. വിശുദ്ധ ക്വുർആനിൽ ധാരാളം ആയത്തുകൾ ഈ വിഷയത്തിലുണ്ട്:

"സ്ത്രീകളിൽനിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതിപുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക). അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീയെ (ഭാര്യയെപ്പോലെ സ്വീകരിക്കുക)" (ക്വുർആൻ 4:3).

"നിങ്ങളിലുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽനിന്നും അടിമസ്ത്രീകളിൽനിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹബന്ധത്തിൽ ഏർപെടുത്തുക" (ക്വുർആൻ 24:32).

ധാരാളം തിരുമൊഴികളും ഈ വിഷയത്തിലുണ്ട്: ഇബ്നു മസ്ഊദി(റ)ൽനിന്നു നിവേദനം, തിരുനബി(സ്വ) പറഞ്ഞു: "യുവാക്കളുടെ സമൂഹമേ, നിങ്ങളിൽ വിവാഹം കഴിക്കുവാൻ കഴിവുള്ളവർ വിവാഹം കഴിക്കട്ടെ. കാരണം വിവാഹം (പരസ്ത്രീകളെ നോക്കുന്നതിൽനിന്ന്) കണ്ണിനെ തടയുകയും ഗുഹ്യാവയവങ്ങളെ (നിഷിദ്ധങ്ങളിൽനിന്ന്) സംരക്ഷിക്കുകയും ചെയ്യും. വിവാഹം ചെയ്യുവാൻ സാധിക്കാത്തവർ നോമ്പനുഷ്ഠിക്കട്ടെ. കാരണം അത് അവരുടെ ലൈംഗികാസക്തിയെ കീഴടക്കും."

മഅ്ക്വിൽ ഇബ്നു യസാറി(റ)ൽനിന്നു നിവേദനം. തിരുനബി(സ്വ) പറഞ്ഞു: "കൂടുതൽ സ്നേഹം പകരുന്ന, പ്രജനനശേഷിയുള്ള സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കുക. എങ്കിൽ മറ്റു സമുദായങ്ങളുടെ മുമ്പിൽ നിങ്ങളുടെ എണ്ണപ്പെരുപ്പത്തിൽ ഞാൻ അഭിമാനിക്കുന്നതാണ്."

## നികാഹ് മതപരമാക്കിയതിലെ യുക്തി

ഉന്നതമായ പൊരുളുകൾ ഉള്ളതിനാലാണ് അല്ലാഹു നികാഹിനെ മതപരമാക്കിയത്. താഴെ വരുന്നതിൽ അവയെ ചുരുക്കാം:

1. ലൈംഗികാവയവങ്ങളുടെ പരിപാവനത്വം. അല്ലാഹു മനുഷ്യനെ സൃഷ്ടിക്കുകയും അവനിൽ ലൈംഗികവികാരം ഊട്ടുകയും ചെയ്തിരിക്കുന്നു. ഈ വികാരത്തെ പൂർത്തീകരിക്കുവാനും അതിൽ അനർഥങ്ങൾ ഇല്ലാതാക്കുവാനും വിവാഹത്തെ അല്ലാഹു മതപരമാക്കി.

2. ദമ്പതികൾക്ക് സമാധാനവും ഇണക്കവും സിദ്ധിക്കുക, വിശ്രമവും സുസ്ഥിരതയും കൈവരുക.

അല്ലാഹു പറഞ്ഞു: "നിങ്ങൾക്ക്

സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:21).

3. വംശാവലി സംരക്ഷിച്ചു നിലനിർത്തുക, കുടുംബബന്ധങ്ങളും രക്തബന്ധങ്ങളും പരസ്പരം ബന്ധം ചാർത്തുക.

4. മനുഷ്യകുലത്തിന്റെ നിലനിൽപിനും അല്ലാഹുവിന്റെ ദീൻ പ്രചരിപ്പിക്കുവാനും.

5. ജാരസംസർഗങ്ങളുടെയും അവിശുദ്ധ ബന്ധങ്ങളുടെയും ഗർത്തങ്ങളിൽ ആപതിക്കുന്നതിൽനിന്നും അങ്ങനെ നാശമടയുന്നതിൽനിന്നും സ്വഭാവങ്ങളെ കാത്തുസംരക്ഷിക്കുക.

### മതവിധിയും ഇണയെ തെരഞ്ഞെടുക്കലും

*1. നികാഹിന്റെ മതവിധി*

വ്യക്തികളെ അപേക്ഷിച്ച് നികാഹിന്റെ മതവിധി വ്യത്യാസപ്പെടും.

ഒന്ന്) വ്യഭിചാരത്തിൽ അകപ്പെടുമെന്ന് സ്വയം ഭയക്കുകയും വൈവാഹിക ബാധ്യതകളും സാമ്പത്തിക ചെലവുകളും വഹിക്കുവാൻ കഴിവുമുള്ള വ്യക്തിക്ക് നികാഹ് വാജിബാകും. കാരണം വിവാഹം അവനു പവിത്രതക്കുള്ള മാർഗവും നിഷിദ്ധത്തിൽ നിപതിക്കുന്നതിൽനിന്ന് സുരക്ഷയുമാകുന്നു. വിവാഹം കഴിക്കുവാൻ അവന്ന് സാധിച്ചില്ലയെങ്കിൽ അവൻ വ്രതമനുഷ്ഠിക്കട്ടെ. അല്ലാഹുവിന്റെ ഓദാര്യത്താൽ അവനെ ധന്യനാക്കുന്നതുവരെ അവൻ തെറ്റിൽനിന്ന് അകന്നു കഴിയട്ടെ.

രണ്ട്) ഒരു വ്യക്തി വികാരമുള്ളവനാവുകയും വിവാഹച്ചെലവ് ഉടമപ്പെടുത്തുകയും എന്നാൽ അവൻ വ്യഭിചാരം തന്നിൽ ഭയക്കാതിരിക്കുകയുമായാൽ അവനു വിവാഹം സുന്നത്താണ്. വിവാഹത്തിനു പ്രേരണയേകുകയും അതിൽ ആഗ്രഹം ജനിപ്പിക്കുകയും ചെയ്യുന്ന വിഷയത്തിലുള്ള ആയത്തുകളുടെയും ഹദീസുകളുടെയും പൊതുതാൽപര്യം ഇതാണറിയിക്കുന്നത്.

മൂന്ന്) ലൈംഗിക ശേഷിയില്ലാത്തതിനാലോ വാർധക്യം കാരണമോ രോഗം മൂലമോ വികാരമില്ലാത്തതിനാലോ ഒരു വ്യക്തി വിവാഹം ആവശ്യമില്ലത്തവനാണെങ്കിൽ വിവാഹം അയാൾക്ക് മക്റൂഹാണ്.

*2. ഇണയെ തെരയലും ഇണയുടെ ഗുണങ്ങളും*

മതനിഷ്ഠയും പവിത്രതയും നല്ല കുടുംബവും കുലീനതയും ഭംഗിയുമുള്ള സ്ത്രീകളെ വിവാഹം കഴിക്കൽ സുന്നത്താണ്. അബൂഹുറയ്റ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്; തിരുനബി (സ്വ) പറഞ്ഞു: "സ്വത്ത്, കുലീനത, സൗന്ദര്യം, മതനിഷ്ഠ എന്നീ നാലുകാര്യങ്ങൾക്ക് ഒരു സ്ത്രീ വിവാഹം കഴിക്കപ്പെടും. അതിനാൽ നീ മതനിഷ്ഠയുള്ള പെണ്ണിനെ നേടിയെടുക്കുക. നിന്റെ കരങ്ങൾ മണ്ണിൽ ചേരട്ടെ."

മതനിഷ്ഠയുള്ള പെണ്ണിനെയാണ് അവൻ പ്രഥമമായി അഭിലഷിക്കേണ്ടത്. അവൻ തെരഞ്ഞെടുക്കുമ്പോൾ മറ്റു ഗുണങ്ങളെക്കാൾ അടിസ്ഥാനമാക്കേണ്ടതും മതനിഷ്ഠയാണ്. പ്രജനന ശേഷിയുള്ള ഇണയെ തെരഞ്ഞെടുക്കലും സുന്നത്താക്കപ്പെടും. അനസി(റ)ൽ നിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്; തിരുനബി(സ്വ) പറഞ്ഞു:

"കൂടുതൽ സ്നേഹം പകരുന്ന, പ്രജനനശേഷിയുള്ള സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കുക. അന്ത്യനാളിൽ നബിമാരുടെ മുമ്പിൽ നിങ്ങളുടെ എണ്ണപ്പെരുപ്പത്തിൽ ഞാൻ അഭിമാനിക്കുന്നതാണ്."

കന്യകയെ തെരഞ്ഞെടുക്കലും സുന്നത്താണ്. ജാബിറി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "താങ്കൾക്ക് ഒരു കന്യകയെ വിവാഹം കഴിക്കാമായിരുന്നില്ലേ; താങ്കൾക്ക് അവളോടും അവൾക്കു താങ്കളോടും വിനോദിക്കുവാൻ." എന്നാൽ കന്യകയല്ലാത്തവളെ വിവാഹം കഴിക്കുന്നതിനെ പ്രബലമാക്കുന്ന വല്ല മേന്മയുമുണ്ടെങ്കിൽ കന്യകയെക്കാൾ വിധവയെയാണു മുന്തിപ്പിക്കേണ്ടത്. ഭംഗിയുള്ളവളെ തെരഞ്ഞെടുക്കൽ മനസ്സ് സമാധാനമടയുവാനും ദൃഷ്ടി നിയന്ത്രണ വിധേയമാകുവാനും സ്നേഹം ക്ഷണിച്ചുവരുത്തുവാനും കരണീയമായതാണ്.

### ഖിത്ബത്തിന്റെ വിധികളും മര്യാദകളും

'ഖിത്ബത്ത്' എന്നാൽ നിർണിതമായ ഒരു സ്ത്രീയെ വിവാഹം കഴിക്കുവാനുള്ള അഭിലാഷം പ്രകടിപ്പിക്കലും അത് അവളുടെ വലിയ്യിനെ അറിയിക്കലുമാണ്.

*ഖിത്ബത്തിന്റെ വിധികളും മര്യാദകളും:*

1. ഒരു മുസ്‌ലിം തന്റെ സഹോദരന്റെ വിവാഹാന്വേഷണത്തെ മറികടന്ന് അന്വേഷണം നടത്തുന്നത് ഹറാമാകുന്നു. ആദ്യം അന്വേഷിച്ചവന് അനുകൂല ഉത്തരം ലഭിക്കുകയും രണ്ടാമത് അന്വേഷി

ക്കുന്നവൻ അത് അറിയുകയും ചെയ്തിട്ടുണ്ടെങ്കിലാണിത്. തിരുനബി(സ്വ) പറഞ്ഞു: "ഒരാൾ തന്റെ സഹോദരൻ വിവാഹാലോചന നടത്തിയ സ്ത്രീയെ വിവാഹാന്വേഷണം നടത്തരുത്; ആദ്യം അന്വേഷിച്ചവൻ വിവാഹം കഴിക്കുകയോ ഉദ്യമം ഉപേക്ഷിക്കുകയോ ചെയ്താലല്ലാതെ."

ആദ്യം അന്വേഷിച്ചവനെ തകർക്കലും ശത്രുത ജനിപ്പിക്കലുമാണ് അന്വേഷണത്തിന് ഇങ്ങനെ മുന്നിടുന്നതിലുള്ളത്.

2. ബാഇനായ (ബന്ധം പുനഃസ്ഥാപിക്കാനാകാത്ത വിധം എന്നന്നേക്കുമായുള്ള) ത്വലാകു ചൊല്ലപ്പെട്ട് ഇദ്ദയിലിരിക്കുന്ന സ്ത്രീകളോടുള്ള വിവാഹാന്വേഷണം വ്യക്തമാക്കൽ നിഷിദ്ധമാകുന്നു. അല്ലാഹു പറഞ്ഞു: "(ഇദ്ദയുടെ ഘട്ടത്തിൽ) ആ സ്ത്രീകളുമായുള്ള വിവാഹാലോചന നിങ്ങൾ വ്യംഗ്യമായി സൂചിപ്പിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല" (ക്വുർആൻ 2:235).

'ഒരു സദ്വൃത്തയായ സ്ത്രീയെ അല്ലാഹു എളുപ്പമാക്കിത്തരുവാൻ ഞാൻ ആഗ്രഹിക്കുന്നു,' 'ഞാൻ വിവാഹം ഉദ്ദേശിക്കുന്നു' എന്നിങ്ങനെ വ്യംഗ്യമായ സൂചനയാകാവുന്നതാണ്. വിവാഹാഭിലാഷം വ്യംഗ്യമാക്കുന്നതിൽ കുറ്റമില്ലെന്നത് അത് വ്യക്തമാക്കൽ അനുവദനീയമല്ലെന്ന് അറിയിക്കുന്നു. ഇദ്ദാകാലം തീരുന്നതിനുമുമ്പു തന്നെ അത് അവസാനിച്ചു എന്നു പറയുവാൻ വിവാഹത്തോടുള്ള ആഗ്രഹം അ വളെ പ്രേരിപ്പിച്ചേക്കും. എന്നാൽ ഭർത്താവിനു തന്നെ ബന്ധം പുനഃസ്ഥാപിക്കുവാൻ അവസരമുള്ള ത്വലാകിനു വിധേയയായി ഇദ്ദയിരിക്കുന്നവളോട് വ്യംഗ്യമായും വിവാഹാന്വേഷണം നടത്തുവാൻ പാടുള്ളതല്ല. കാരണം അവൾ ഭാര്യമാരുടെ വിധിയിലാണ്.

3. വിവാഹാന്വേഷകന്റെയും അന്വേഷിക്കപ്പെടുന്നവളുടെയും വിഷയത്തിൽ വല്ലവരോടും ആലോചന നടത്തിയാൽ അവരിലുള്ള നന്മകളും തിന്മകളും പറയൽ നിർബന്ധമാണ്. അത് പരദൂഷണം പറയലാവുകയില്ല. മതത്തിൽ പ്രശംസനീയമായ ഗുണകാംക്ഷയിലാണ് അതുൾപ്പെടുക.

4. ഖിത്ബത്ത് കേവലം വിവാഹ വാഗ്ദാനവും അതിൽ അഭിലാഷം പ്രകടിപ്പിക്കലുമാണ്. അതു വിവാഹമല്ല. അതിനാൽ വിവാഹാന്വേഷകനും അന്വേഷിക്കപ്പെടുന്നവളും അന്യരായിത്തന്നെ ശേഷിക്കും.

**പെണ്ണു കാണൽ**

വിവാഹമന്വേഷിക്കുന്നവന് ഒരു സ്ത്രീയിൽ, അവളുടെ മുഖം, മുൻകൈകൾ, കാൽപാദങ്ങൾ പോലുള്ള സാധാരണ പ്രകടമാകുന്ന അവയവങ്ങളിലേക്ക് നോക്കൽ മതപരവും സുന്നത്തുമാകുന്നു. സഹ്ൽ ഇബ്നുസഅ്ദി(റ)ൽനിന്നു നിവേദനം:

"ഒരു സ്ത്രീ തിരുനബി(സ്വ)യുടെ അടുക്കലേക്കു വന്നു. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ താങ്കളുടെ അടുക്കൽ വന്നിരിക്കുന്നത് എന്നെത്തന്നെ അങ്ങേക്കു സമർപ്പിക്കുവാനാണ്.' അതുകേട്ടപ്പോൾ തിരുമേനി (സ്വ)അവരെ ആപാദചൂഢം ഉറ്റുനോക്കി. പിന്നീട് അവിടുന്ന് തലതാഴ്ത്തി."

അബൂഹുറയ്റ(റ)യിൽ നിന്നു നിവേദനം: "ഞാൻ തിരുനബി(സ്വ)യുടെ അടുക്കലായിരുന്നു. അപ്പോൾ തിരുമേനിയുടെ അടുക്കൽ ഒരാൾ വരികയും അൻസ്വാരികളിൽപെട്ട ഒരു സ്ത്രീയെ അദ്ദേഹം വിവാഹം കഴിക്കുവാനുദ്ദേശിക്കുന്നു എന്നുണർത്തുകയും ചെയ്തു. അപ്പോൾ തിരുനബി(സ്വ) അദ്ദേഹത്തോടു ചോദിച്ചു: 'താങ്കൾ ആ സ്ത്രീയെ കണ്ടുവോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല.' നബി(സ്വ) പ്രതിവചിച്ചു: 'എങ്കിൽ താങ്കൾ പോയി അവരെ കാണുക. കാരണം അൻസ്വാരികളുടെ കണ്ണിന് അൽപം ചെറുപ്പമുണ്ട്."

ജാബിറി(റ)ൽ നിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "നിങ്ങളിലാരെങ്കിലും ഒരു സ്ത്രീയെപ്പറ്റി വിവാഹാന്വേഷണം നടത്തുമ്പോൾ ആ സ്ത്രീയുടെ ശരീരത്തിൽനിന്ന് വിവാഹത്തിനു പ്രേരകമായി ഭവിക്കുന്ന ഭാഗങ്ങൾ നോക്കിക്കാണുവാൻ സാധിച്ചാൽ അവൻ അപ്രകാരം ചെയ്യേണ്ടതാണ്."

*പെണ്ണുകാണലിലടങ്ങിയ യുക്തി:* സ്ത്രീക്ക് പുരുഷന്റെ മനസ്സിൽ ഇടംനേടുവാൻ പെണ്ണുകാണൽ അത്യന്താപേക്ഷിതമാണ്. അതിൽ പിന്നെ അവർക്കിടയിലുള്ള ഇണക്കത്തിനും സ്നേഹത്തിനും നിത്യമായുള്ള പ്രേമത്തിനും അത് അനിവാര്യമാണ്. ഒരു സ്ത്രീയെ വിവാഹമന്വേഷിച്ച മുഗീറ(റ)യോടുള്ള തിരുനബി(സ്വ)യുടെ സംസാരത്തിൽ ഇപ്രകാരമുണ്ട്: "താങ്കൾ അവളെ കാണുക. കാരണം അതാണ് നിങ്ങൾക്കിടയിൽ സ്നേഹവും ഇണക്കവും നിലനിൽക്കുവാൻ ഏറ്റവും അർഹമായത്."

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതു റൂം

(മക്കയിൽ അവതരിച്ചത്)

അധ്യായം 30

أَوَلَمْ يَسِيرُوا فِي الْأَرْضِ فَيَنظُرُوا كَيْفَ كَانَ عَاقِبَةُ
الَّذِينَ مِن قَبْلِهِمْ ۚ كَانُوا أَشَدَّ مِنْهُمْ قُوَّةً وَأَثَارُوا
الْأَرْضَ وَعَمَرُوهَا أَكْثَرَ مِمَّا عَمَرُوهَا وَجَاءَتْهُمْ
رُسُلُهُم بِالْبَيِّنَاتِ ۖ فَمَا كَانَ اللَّهُ لِيَظْلِمَهُمْ
وَلَٰكِن كَانُوا أَنفُسَهُمْ يَظْلِمُونَ ﴿٩﴾
ثُمَّ كَانَ عَاقِبَةَ الَّذِينَ أَسَاءُوا السُّوأَىٰ أَن كَذَّبُوا
بِآيَاتِ اللَّهِ وَكَانُوا بِهَا يَسْتَهْزِئُونَ ﴿١٠﴾
اللَّهُ يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ ثُمَّ إِلَيْهِ تُرْجَعُونَ ﴿١١﴾
وَيَوْمَ تَقُومُ السَّاعَةُ يُبْلِسُ الْمُجْرِمُونَ ﴿١٢﴾
وَلَمْ يَكُن لَّهُم مِّن شُرَكَائِهِمْ شُفَعَاءُ وَكَانُوا
بِشُرَكَائِهِمْ كَافِرِينَ ﴿١٣﴾
وَيَوْمَ تَقُومُ السَّاعَةُ يَوْمَئِذٍ يَتَفَرَّقُونَ ﴿١٤﴾
فَأَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَهُمْ فِي
رَوْضَةٍ يُحْبَرُونَ ﴿١٥﴾

9. അവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുന്നില്ലേ? അവർ ഇവരെക്കാൾ കൂടുതൽ ശക്തിയുള്ളവരായിരുന്നു. അവർ ഭൂമി ഉഴുതുമറിക്കുകയും ഇവർ അധിവാസമുറപ്പിച്ചതിനെക്കാൾ കൂടുതൽ അതിൽ അധിവാസമുറപ്പിക്കുകയും ചെയ്തു. നമ്മുടെ ദൂതൻമാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെല്ലുകയുണ്ടായി. എന്നാൽ അല്ലാഹു അവരോട് അക്രമം ചെയ്യുകയുണ്ടായിട്ടില്ല. പക്ഷേ, അവർ തങ്ങളോടുതന്നെ അക്രമം ചെയ്യുകയായിരുന്നു.
10. പിന്നീട്, ദുഷ്പ്രവൃത്തി ചെയ്തവരുടെ പര്യവസാനം ഏറ്റവും മോശമായിത്തീർന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർ നിഷേധിച്ച് തള്ളുകയും അവയെപ്പറ്റി അവർ പരിഹസിച്ചുകൊണ്ടിരിക്കുകയും ചെയ്തതിന്റെ ഫലമത്രെ അത്.
11. അല്ലാഹു സൃഷ്ടി ആരംഭിക്കുകയും പിന്നീട് അത് ആവർത്തിക്കുകയും ചെയ്യുന്നു. പിന്നീട് അവങ്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.
12. അന്ത്യസമയം നിലവിൽ വരുന്ന ദിവസം കുറ്റവാളികൾ ആശയറ്റവരാകും.
13. അവർ പങ്കാളികളാക്കിയവരുടെ കൂട്ടത്തിൽ അവർക്ക് ശുപാർശക്കാർ ആരുമുണ്ടായിരിക്കുകയില്ല. അവരുടെ ആ പങ്കാളികളെത്തന്നെ അവർ നിഷേധിക്കുന്നവരാവുകയും ചെയ്യും.
14. അന്ത്യസമയം നിലവിൽ വരുന്ന ദിവസം; അന്നാണ് അവർ വേർപിരിയുന്നത്.
15. എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ ഒരു പൂന്തോട്ടത്തിൽ ആനന്ദം അനുഭവിക്കുന്നവരായിരിക്കും.

9)അതിനാലാണ് ഭൂമിയിലൂടെ സഞ്ചരിച്ചു സത്യനിഷേധികളുടെ പരിണിതികൾ കാണാൻ അവരെ ഉണർത്തിയത്. അവർ പ്രവാചകന്മാരുടെ കൽപനകൾക്ക് എതിരു പ്രവർത്തിച്ചു. അവർ ഇവരെക്കാൾ ശക്തരായിരുന്നു. കൂടുതൽ അടയാളങ്ങൾ ഭൂമിയിൽ ഇട്ടേച്ചുപോയവർ, മരങ്ങൾ നട്ടുപിടിപ്പിക്കുകയും വിളകൾ ഉൾപാദിപ്പിക്കുകയും ചെയ്തവർ. ജലസേചനത്തിനായി നദികൾ നിർമിച്ചവർ. എങ്കിലും അവർക്ക് അവരുടെ ശക്തി പ്രയോജനപ്പെട്ടില്ല. അവരുടെ പ്രവർത്തനങ്ങൾ ഫലപ്പെട്ടില്ല. കാരണം, അവർ പ്രവാചകന്മാരെ നിഷേധിച്ചു; സത്യത്തിന്റെ വ്യക്തമായ തെളിവുമായി വന്നവരെ. ഇവരുടെ അവശിഷ്ടങ്ങൾ കാണുമ്പോൾ അവർ വെറും നാശമടഞ്ഞ സമുദായങ്ങൾ മാത്രം; നശിച്ചുപോയ സൃഷ്ടികളും. അവർക്കുശേഷം അവരുടെ ഭവനങ്ങൾ ഏകാന്തമായി. പിന്നീട് വന്നവരെല്ലാം അവരെ ആക്ഷേപിച്ചു. ഇതാണ് ഇവർക്ക് ഇവിടുന്നുള്ള ശിക്ഷ; പരലോകത്തെ ശിക്ഷക്കുള്ള മുന്നോടിയും മുന്നൊരുക്കവും. നാശം സംഭവിച്ചിട്ടുള്ള രാഷ്ട്രങ്ങളോടൊന്നും അല്ലാഹു അവരെ നശിപ്പിക്കുന്നതിലൂടെ അനീതി ചെയ്തിട്ടില്ല. അവർ അവരോടു തന്നെയാണ് അനീതി ചെയ്തത്. അവർ തന്നെ അവരുടെ നാശത്തിന് നിമിത്തമായി.

10) (പിന്നീട് ദുഷ്പ്രവൃത്തി ചെയ്തവരുടെ പര്യവസാനം ഏറ്റവും മോശമായിത്തീർന്നു) അതായത് തിന്മ ചെയ്യുന്നവരുടെ. (ഏറ്റവും മോശം) അപമാനകരമായ ഏറ്റവും മോശാവസ്ഥ. കാരണം (അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവൻ നിഷേധിച്ചുതള്ളുകയും അവയെപ്പറ്റി അവർ പരിഹസിക്കുകയും ചെയ്തതിന്റെ ഫലമത്രെ അത്) ഇവരുടെ പാപത്തിന്റെയും പരിഹാസത്തിന്റെയും ശിക്ഷയത്രെ. മാത്രവുമല്ല അവരുടെ പരിഹാസവും നിഷേധവുമാണ് ഏറ്റവും വലിയ ശിക്ഷയ്ക്കും ആത്യന്തികമായ പ്രതികാരത്തിനും കാരണം.

11-12) അല്ലാഹു പറയുന്നു: അവൻ സൃഷ്ടികളെ പടക്കുന്നു. പിന്നീട് അവരെ തിരിച്ചു കൊണ്ടുവരികയും ചെയ്യുന്നു. പിന്നീട് അവർ അവനിലേക്ക് മടങ്ങും; അവരുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം വാങ്ങാൻ. അതുകൊണ്ടാണ് തിന്മയുടെ ആളുകളുടെ ശിക്ഷയും തുടർന്ന് നന്മയുടെ ആളുകളുടെ പ്രതിഫലവും പരാമർശിച്ചത്. (അന്ത്യസമയം നിലവിൽ വരുന്ന ദിവസം) ലോകരക്ഷിതാവിലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദിവസം. നേർക്കുനേരെ അവർ പരലോകത്ത് വരുന്ന ദിവസം. അന്നേദിവസം (കുറ്റവാളികൾ ആശയറ്റവരാകും) എല്ലാ നല്ല പ്രതീക്ഷയും തീരും. കാരണം കുറ്റങ്ങളും പാപങ്ങളും നിഷേധവും ശിർക്കുമല്ലാതെ മറ്റൊന്നും അവർ കരുതിവെച്ചിട്ടില്ല. ശിക്ഷക്ക് വേണ്ടിയുള്ള കാര്യങ്ങൾ ചെയ്തുവെച്ചപ്പോൾ പ്രതിഫലത്തിനുള്ളതൊന്നും അവർ അതിൽ ചേർത്തില്ല. അവർ നിരാശരായി, നാശമടഞ്ഞവരായി, പാപികളായി. അവരുടെ പങ്കാളികൾ സഹായിക്കുമെന്നും അവർക്കു വേണ്ടി ശുപാർശ പറയുമെന്നും വാദിച്ചതെല്ലാം വെറുതെയായി.

(13-14) അതാണ് അല്ലാഹു പറഞ്ഞത്: (അവർ പങ്കാളിയാക്കിയവരിലില്ല) അല്ലാഹുവിന്റെ കൂടെ അവർ ആരാധിച്ചവരിൽ. (അവരുടെ ആ പങ്കാളികളെത്തന്നെ അവർ നിഷേധിക്കുന്നവരാവുകയും ചെയ്യും.) മുശ്രിക്കുകൾ അവർ അല്ലാഹുവിന്റെ കൂടെ പങ്കുചേർത്തവരെ വിട്ടൊഴിയും. ആരാധിക്കപ്പെട്ടവരും ഒഴിഞ്ഞുമാറും. അവർ പറയും: ഞങ്ങൾ നിന്റെ മുമ്പാകെ ഉത്തരവാദിത്തം ഒഴിഞ്ഞിരിക്കുന്നു. ഞങ്ങളെയല്ല അവർ ആരാധിച്ചിരുന്നത്. അവർ അന്യോന്യം ശപിക്കുകയും വിട്ടുനിൽക്കുകയും ചെയ്യും. അന്ന് നന്മയുടെയും തിന്മയുടെ ആളുകൾ വേർതിരിയും. ഇഹലോകത്ത് അവരുടെ പ്രവർത്തനങ്ങൾ വിഭിന്നമായത് പോലെത്തന്നെ.

15) (എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ) ഹൃദയംകൊണ്ട് വിശ്വസിച്ചു. അതിനെ യാഥാർഥ്യമാക്കുന്ന സൽപ്രവർത്തനങ്ങളും ചെയ്തു. (അവർ ഒരു പൂന്തോട്ടത്തിൽ) അതിൽ വിവിധയിനം ചെടികളുണ്ട്; ഇഷ്ടപ്പെടുന്ന വിവിധയിനങ്ങൾ. (ആനന്ദമനുഭവിക്കുന്നവരായിരിക്കും) അതായത് സന്തോഷിക്കുന്നവർ. സ്വാദിഷ്ടമായ ഭക്ഷണപാനീയങ്ങൾ ആസ്വദിക്കുന്നവർ. സുന്ദരമായ കൂട്ടാളികൾ, സേവകർ, ശ്രുതിമധുരമായ ശബ്ദങ്ങൾ, മനോഹരമായ കാഴ്ചകൾ, മൃദുവായ കാറ്റ്... അതിലെ സന്തോഷവും ആഹ്ലാദവും ഒരാൾക്കും വർണിക്കാനാവാത്തതാണ്. ■

നസീമ വാടാനപ്പള്ളി



# റൂഹ് പിരിയും നാൾ

മരണമേ,
എന്റെ സ്വപ്നങ്ങളിൽ
നീ കടന്നുവരുമ്പോഴൊക്കെയും
നിനക്ക് സ്വർഗത്തിന്റെ
സുഗന്ധമാണ്.
കണ്ണെത്തും ദൂരത്ത്
സ്വീകരിക്കാനിരിക്കുന്ന
മലക്കുകളിൽ സൗഹൃദ ഭാവമാണ്.
മലക്കുൽ മൗത്തിന്റെ സലാം
കാതിൽ പതിക്കുമ്പോൾ
വെണ്ണയിൽനിന്നൂർന്നു വീഴുന്ന
നൂലു പോലെ
എന്റെ റൂഹും ആർദ്രമാവാറുണ്ട്.
ആകാശ കവാടങ്ങളിലേക്ക്
ഉയർന്ന് പറക്കുമ്പോൾ
വിശിഷ്ടാതിഥിയായ് ഞാൻ
അവിടെ സ്വീകരിക്കപ്പെടാറുണ്ട്.
തിരികെ ഞാനെൻ
ആറടി മണ്ണിലെത്തുമ്പോൾ
വെളിച്ചമാണവിടെ,
വിശാലതയാണവിടെ,
കൂട്ടിനായ് ഞാൻ പഠിച്ചറിഞ്ഞ
ക്വുർആനുണ്ടവിടെ,
എല്ലാ സൽകർമങ്ങളുമുണ്ടവിടെ.
അങ്ങനെയങ്ങനെ...
പ്രഭാതത്തിലും പ്രദോഷത്തിലും
എന്റെ സ്വർഗസ്ഥാനവും കണ്ട്,
എന്റെ റബ്ബിനെ കാണാൻ കൊതിയോടെ...
റബ്ബിന്റെ തീരുമാനമെത്തും വരെ
സ്വസ്ഥവും സുന്ദരവുമായ
വിശ്രമത്തിന്റെ നിർവൃതിയിൽ ഞാൻ...
ഇതെല്ലാം വെറും സ്വപ്നമാകരുതെന്നും
യാഥാർഥ്യമാകണേയെന്നും
കരളുരുകി കേഴുന്നു ഞാൻ
എന്റെ റബ്ബിനോട്...



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

ആരാധനകളിൽ ആനന്ദം ലഭിക്കാൻ,
ആരാധനകളുടെ ആത്മാവിനെ തൊട്ട് കാണിക്കുന്ന ഗ്രന്ഥം

240 രൂപയുടെ പുസ്തകം 168 രൂപക്ക്

FREE HOME DELIVERY




WISDOM BOOKS

ആരാധനകളുടെ ആത്മാവ്

ഇമാം ഇബ്നുൽ ഖയ്യിം

വിവ: ശമീർ മദീനി




+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 21 June 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031